# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 23.02.2026-ലെ യോഗത്തിന്റെ മിനിറ്റ്സ്

## ഉള്ളടക്കം


| ഖണ്ഡിക നമ്പർ | വിഷയം | പേജ് നമ്പർ |
|---|---|---|
| **3.** | **പൊതുവിഷയം** | 3 |
| 3.1 | കേൾവി ശക്തി കുറഞ്ഞവർക്ക് ശ്രവണസഹായി | 3 |
| 3.2 | ബഡ്സ് സ്കൂൾ & ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ | 3 |
| 3.3 | കോക്ലിയർ ഇംപ്ലാന്റിന്റെ റിപ്പയറിംഗ് | 4 |
| 3.4 | കന്നുകുട്ടി പരിപാലന പദ്ധതി | 4 |
| **4.** | **പ്രത്യേക വിഷയങ്ങൾ** | 4 |
| 4.1 | ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത് | 4 |
| 4.2 | ബഡ്സ് സ്കൂൾ/ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ | 6 |
| 4.3 | പാലക്കാട് ജില്ലാ പഞ്ചായത്ത് | 6 |
| 4.4 | ഇ.കെ.എൽ.എം. ഗവൺമെന്റ് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി | 7 |
| 4.5 | ചുനക്കര ഗ്രാമപഞ്ചായത്ത് | 7 |
| 4.6 | കോഴിക്കോട് ജില്ലാ പഞ്ചായത്ത് | 9 |
| 4.7 | പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 10 |
| 4.8 | കോന്നി ബ്ലോക്ക് പഞ്ചായത്ത് | 11 |
| 4.9 | ഉദയംപേരൂർ ഗ്രാമ പഞ്ചായത്ത് | 12 |
| 4.10 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 12 |
| 4.11 | ചിറക്കടവ് ഗ്രാമപഞ്ചായത്ത് | 13 |
| 4.12 | മത്തായിചാക്കോ മെമ്മോറിയൽ മലബാർ സ്പോർട്സ് ഡെവലപ്മെന്റ് ആന്റ് വെൽഫയർ കോഓപ്പറേറ്റീവ് സൊസൈറ്റി (MASDCOS) | 14 |
| 4.13 | കൊല്ലം ജില്ലാ ആയുർവേദ ഔഷധ നിർമ്മാണ വ്യവസായ സഹകരണസംഘം | 14 |
| 4.14 | കേരള ഇൻസ്റ്റിറ്റ്യൂഷൻ ഫോർ ദി ബ്ലൈന്റ് | 15 |
| 4.15 | സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് | 16 |
| 4.16 | കുടുംബശ്രീ | 21 |
| 4.17 | വാഴൂർ ബ്ലോക്ക് പഞ്ചായത്ത് | 22 |
| 4.18 | കോട്ടയ്ക്കൽ മുനിസിപ്പാലിറ്റി | 22 |
| 4.19 | കേരള സ്റ്റേറ്റ് ഡെവലപ്മെന്റ് ആന്റ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (K-DISC) | 23 |
| 4.20 | അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത് - ശ്രീ.സന്തോഷ് പൊക്കൽ വിളാകം, അഞ്ചുതെങ്ങ് | 24 |
| 4.21 | പന്തളം ബ്ലോക്ക് പഞ്ചായത്ത് | 25 |
| 4.22 | നാവായിക്കുളം ഗ്രാമപഞ്ചായത്ത് | 25 |
| 4.23 | കല്ലൂപ്പാറ ഗ്രാമപഞ്ചായത്ത് | 26 |
| 4.24 | പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 26 |
| 4.25 | വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത് | 27 |
| 4.26 | കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത് | 28 |
| 4.27 | ചെങ്ങന്നൂർ നഗരസഭ | 28 |
| 4.28 | ചെങ്ങന്നൂർ നഗരസഭ | 29 |
| 4.29 | വെങ്കിടങ്ങ് ഗ്രാമപഞ്ചായത്ത് | 29 |
| 4.30 | പള്ളിവാസൽ ഗ്രാമപഞ്ചായത്ത് | 30 |
| 4.31 | കാസർഗോഡ് ജില്ലാപഞ്ചായത്ത് | 31 |
| 4.32 | തിരുവാർപ്പ് ഗ്രാമപഞ്ചായത്ത് | 32 |
| 4.33 | എറണാകുളം ജില്ലാ പഞ്ചായത്ത് | 32 |

| | | |
|---|---|---|
| 4.34 | തില്ലങ്കരി  ഗ്രാമപഞ്ചായത്ത് | 33 |
| 4.35 | പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് | 34 |
| 4.36 | തിരുവനന്തപുരം കോർപ്പറേഷൻ – ശ്രീമതി. ജയലക്ഷ്മിജെ.ആർ. നായർ | 34 |
| 4.37 | പനയം ഗ്രാമപഞ്ചായത്ത് | 35 |
| 4.38 | തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്ത് | 35 |
| 4.39 | നടുവണ്ണൂർ ഗ്രാമപഞ്ചായത്ത് | 36 |
| 4.40 | വല്ലപ്പുഴ ഗ്രാമപഞ്ചായത്ത് | 36 |
| 4.41 | ചെറുതാഴം ഗ്രാമപഞ്ചായത്ത് | 37 |
| 4.42 | ദേലംപാടി ഗ്രാമപഞ്ചായത്ത് | 37 |
| 4.43 | നന്ദിയോട് ഗ്രാമപഞ്ചായത്ത് | 38 |
| 4.44 | പെരിനാട്  ഗ്രാമ പഞ്ചായത്ത് | 38 |
| 4.45 | നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത് | 39 |
| 4.46 | കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് | 39 |
| 4.47 | മൃഗസംരക്ഷണ വകുപ്പ് | 40 |
| 4.48 | കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ | 41 |

No./90/2025/SRG/LSGD/CC(6)

## വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 23.02.2026-ന് നടന്ന യോഗത്തിന്റെ നടപടി വിവരം

യോഗം ഉച്ചയ്ക്ക് 12.00 മണിക്ക് സെക്രട്ടറിയേറ്റ് അനക്സ് II വിലെ 'ലയം' ഹാളിൽ ആരംഭിച്ചു. ബഹു.തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു. സാധാരണയായി കോഓർഡിനേഷൻ കമ്മിറ്റിയിൽ ക്രമനമ്പർ ഒന്നാമതായി ചേർക്കാറുള്ള പദ്ധതി പുരോഗതി അവലോകനവും ക്രമനമ്പർ രണ്ടാമതായി ചേർക്കാറുള്ള മുൻ കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാന പ്രകാരം റിപ്പോർട്ട് ലഭിച്ചിട്ടുള്ള വിഷയങ്ങളും ഇന്നത്തെ കോഓർഡിനേഷൻ കമ്മിറ്റിയിൽ ഉൾപ്പെടുത്തിയിട്ടില്ല. ക്രമനമ്പർ മൂന്നാമതായി ചേർക്കാറുള്ള പൊതുവിഷയവും ക്രമനമ്പർ നാലാമതായി ചേർക്കാറുള്ള പ്രത്യേക വിഷയവുമാണ് ഇന്നത്തെ യോഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

### 3. പൊതുവിഷയം

### 3.1 കേൾവി ശക്തി കുറഞ്ഞവർക്ക് ശ്രവണസഹായി

പതിനാലാം പഞ്ചവത്സര സബ്സിഡി ധനസഹായ മാർഗ്ഗരേഖ പ്രകാരം (28.05.2022 ലെ 115/2022/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് - ഖണ്ഡിക 7.1.2-B) കേൾവിശക്തി കുറഞ്ഞവർക്ക് ശ്രവണ സഹായി നൽകുന്നതു സംബന്ധിച്ച് താഴെപ്പറയും പ്രകാരമാണ് പ്രതിപാദിച്ചിരിക്കുന്നത്.

"മെഡിക്കൽ ഓഫീസറുടെ നിർദ്ദേശം അനുസരിച്ച് കേൾവിശക്തി കുറഞ്ഞ കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റിനുശേഷമുള്ള കേൾവി സഹായികളും മറ്റ് ഉപകരണങ്ങളും നൽകുന്നതിനുള്ള പ്രോജക്ട് ഗ്രാമപഞ്ചായത്തുകളും നഗരസഭകളും ഏറ്റെടുക്കേണ്ടതാണ്" എന്നാണ്. കോക്ലിയർ ഇംപ്ലാന്റ് ചെയ്യാത്തവർക്കും ശ്രവണ സഹായികൾ ആവശ്യമായിവരും. സബ്സിഡി മാർഗ്ഗരേഖയിൽ മുകളിൽ പറഞ്ഞ പ്രകാരം മാത്രമെ പരാമർശിച്ചിട്ടുള്ളൂ എന്നതിനാൽ മറ്റുള്ളവർക്ക് ശ്രവണ സഹായികൾ നൽകുന്നതു സംബന്ധിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അവ്യക്തതയുണ്ട്.

വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള പൊതുമാർഗ്ഗരേഖ പ്രകാരം (19.04.2022 -ലെ 84/2022/തസ്വഭവ, 19.04.2022 -ലെ 86/2022/തസ്വഭവ നമ്പർ സർക്കാർ ഉത്തരവുകൾ) 2016 ലെ ഭിന്നശേഷി അവകാശ നിയമ പ്രകാരമുള്ള എല്ലാവിഭാഗങ്ങളിലും ഉൾപ്പെട്ട വ്യക്തികൾക്ക് ഉപകരണങ്ങൾ വാങ്ങി നൽകാൻ അനുമതിയുണ്ട്.

ഈ സാഹചര്യത്തിൽ മുകളിൽ പറഞ്ഞ സബ്സിഡി ധനസഹായ മാർഗ്ഗരേഖ ഖണ്ഡിക 7.1.2 (B) യിൽ '2016 ലെ ഭിന്നശേഷി അവകാശ നിയമ പ്രകാരം അർഹതയുള്ള എല്ലാ വിഭാഗത്തിലും ഉൾപ്പെട്ടവർക്ക് ശ്രവണ സഹായി നൽകാവുന്നതാണെന്നും ഇതിനുള്ള പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും എടുക്കാവുന്നതാണെന്നും' ഉൾപ്പെടുത്താൻ തീരുമാനിച്ചു. സർക്കാർ സർവ്വീസിലുള്ള ബന്ധപ്പെട്ട ഡോക്ടർ ആയിരിക്കണം ഇതിന്റെ ആവശ്യനിർണ്ണയം നടത്തി സാക്ഷ്യപ്പെടുത്തേണ്ടത്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

### 3.2 ബഡ്സ് സ്കൂൾ & ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ

ബഡ്സ് സ്കൂളിലേയും ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററുകളിലേയും അദ്ധ്യാപകരുടെയും മറ്റു ജീവനക്കാരുടെയും വിരമിക്കൽ പ്രായം 65 വയസ്സായി നിശ്ചയിക്കുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ/ഐ.എ) വകുപ്പ് |

### 3.3 <u>കോക്ലിയർ ഇംപ്ലാന്റിന്റെ റിപ്പയറിംഗ്</u>

സബ്സിഡി ധനസഹായം നൽകുന്നതിനുള്ള പതിനാലാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ (28.05.2022-ലെ 115/2022/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് ഖണ്ഡിക 7.1. 2-B) പ്രകാരം കോക്ലിയർ ഇംപ്ലാന്റ് ചെയ്ത ഒരു കുട്ടിക്ക് ഉപകരണങ്ങളുടെ കാലാകാലങ്ങളിലുള്ള റിപ്പയറിംഗിന് ഓരോ വർഷവും 50,000 രൂപ നിരക്കിൽ ആകെ കുട്ടികൾക്കു വേണ്ടിയുള്ള തുക കണക്കാക്കി കുട്ടികളുടെ ലിസ്റ്റ് സഹിതം കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് (ഇപ്പോൾ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി) മുടക്കം കൂടാതെ ഗ്രാമപഞ്ചായത്തും നഗരഭരണ സ്ഥാപനങ്ങളും നൽകണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇപ്രകാരം വിഹിതം നൽകുമ്പോൾ ഗുണഭോക്താക്കളുടെ പ്രായം പരിഗണിക്കാതെ ഗുണഭോക്താക്കളെ/ആവശ്യക്കാരെ തെരഞ്ഞെടുക്കാവുന്നതാണ് എന്ന് മാർഗ്ഗ രേഖയിൽ മുകളിൽ പറഞ്ഞ ഖണ്ഡികയിൽ കൂട്ടിച്ചേർക്കാൻ തീരുമാനിച്ചു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

### 3.4 <u>കന്നുകുട്ടി പരിപാലന പദ്ധതി</u>

പതിനാലാം പഞ്ചവൽസര പദ്ധതി സബ്സിഡി ധനസഹായ മാർഗ്ഗരേഖ പ്രകാരം (28.05.2022-ലെ 115/2022/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് ഖണ്ഡിക 6.3.7) പ്രത്യേക കന്നുകുട്ടി പരിപാലനത്തിന്റെ ഭാഗമായ Calf Adaption Programme (CAP) ന്റെ യൂണിറ്റ് ചെലവ് 25,000 രൂപയാണ്. ഇതിൽ സംസ്ഥാന വിഹിതം (മൃഗസംരക്ഷണ വകുപ്പ്) 6,250 രൂപയും തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതം 6,250 രൂപയും ഗുണഭോക്തൃ വിഹിതം 12,500 രൂപയുമാണ്. ഇത് ഇനിപ്പറയും പ്രകാരം ഭേദഗതി ചെയ്യുന്നു. ആകെ യൂണിറ്റ് കോസ്റ്റ് 56,000 രൂപയാക്കി വർദ്ധിപ്പിക്കുന്നു. ഇതിൽ 14,000 രൂപ മൃഗസംരക്ഷണ വകുപ്പും, 14,000 രൂപ തദ്ദേശ ഭരണസ്ഥാപനവും 28,000 രൂപ ഗുണഭോക്തൃവിഹിതവുമായി കണ്ടെത്തണം. ഈ നിരക്ക് മാർഗ്ഗരേഖയിൽ കൂട്ടിച്ചേർക്കാനും ഇതിന് 2026-27 മുതൽ പ്രാബല്യം നൽകാനും തീരുമാനിച്ചു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

## 4. പ്രത്യേക വിഷയങ്ങൾ

### 4. 1 <u>ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത്</u>

തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.12.2025-ലെ കത്തും ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 30.10.2025-ലെ 3(1)-ാം നമ്പർ തീരുമാനവും തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 15.10.2024-ലെ LSGD/PD/30982/2024/CSSA1 /നമ്പർ കത്തും (SRG/4/26 – CC/570/25)

വിഷയം:- PMAY(G) പട്ടികജാതി ഗുണഭോക്താക്കൾക്ക് പട്ടികജാതി വികസന വകുപ്പിൽനിന്നും ലഭിക്കേണ്ട തുക ലഭിക്കാത്തതിനാൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് തുക നൽകാൻ അനുമതി സംബന്ധിച്ച്.

| | | |
|---|---|---|
| പ്രോ.നം. 8/2026 | അടങ്കൽ | 1,49,20,000 രൂപ<br>(scp – 18,00,000 രൂപ<br>കേന്ദ്ര വിഹിതം – 28,80,000 രൂപ<br>സംസ്ഥാന വിഹിതം – 19,20,000 രൂപ<br>ഗ്രാമപഞ്ചായത്ത് വിഹിതം – 18,00,000 രൂപ<br>ജില്ലാ പഞ്ചായത്ത് വിഹിതം – 25,20,000 രൂപ<br>Externally Aided Share – 40,00,000 രൂപ |
| പേര് | PMAY (G) SC | |

ഇരിങ്ങാലക്കട ബ്ലോക്ക് പഞ്ചായത്ത് PMAY(G) 2024-25 പദ്ധതിയിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾ കരാറിലേർപ്പെട്ട് ഭവന നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ഈ ഗുണഭോക്താക്കൾക്ക് ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ വിഹിതങ്ങൾ നൽകിയിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പിൽ നിന്ന് അനുവദിക്കേണ്ട 1.00 ലക്ഷം രൂപ ഇതുവരെ ലഭ്യമാകാത്തതിനാൽ ഈ തുക ഗുണഭോക്താക്കൾക്ക് അനുവദിക്കാൻ കഴിഞ്ഞിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് പട്ടികജാതി ഗുണഭോക്താക്കൾക്കായി ഈ വർഷം നിർബന്ധമായി വകയിരുത്തിയ 18.00 ലക്ഷം രൂപ പുതിയ എസ്.സി. ഗുണഭോക്താക്കൾ ഇല്ലാത്തതിനാൽ ചെലവഴിക്കാൻ കഴിയുന്നില്ല. ഒപ്പം ലൈഫ് ഭവന പദ്ധതിയിൽ വകയിരുത്തിയിരിക്കുന്ന 13,37,300 രൂപ പുതിയ ഗുണഭോക്താക്കൾ കുറവായതിനാൽ ചെലവഴിച്ചിട്ടില്ല. പട്ടികജാതി വികസന വകുപ്പിൽ നിന്നും ലഭിക്കേണ്ട വിഹിതം ഇതുവരെ കിട്ടാത്ത സാഹചര്യത്തിൽ മുകളിൽ പറഞ്ഞ എസ്.സി. പി. വിഹിതം എസ്.സി. വകുപ്പിന്റെ വിഹിതത്തിനു പകരമായി നൽകാൻ അനുമതി സംബന്ധിച്ച്.

മുല്ലശ്ശേരി, ചേർപ്പ്, പുഴയ്ക്കൽ, അന്തിക്കാട് എന്നീ ബ്ലോക്ക് പഞ്ചായത്തുകൾ ഇതേ ആവശ്യത്തിന് കോഓർഡിനേഷൻ കമ്മിറ്റിക്ക് ഫയൽ നൽകിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 15.10.2024-ലെ LSGD/PD/30982/2024- CSSA1 കത്ത് അനുസരിച്ച് PMAY(G) പദ്ധതിയിൽ താഴെപ്പറയും പ്രകാരമാണ് വകയിരുത്തൽ നടത്തേണ്ടത്.

**Fund Sharing Pattern**

| വിഭാഗം | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം | GP വിഹിതം | BP വിഹിതം | DP വിഹിതം | SC വകുപ്പ് വിഹിതം | ST വകുപ്പ് വിഹിതം | ആകെ |
|---|---|---|---|---|---|---|---|---|
| ജനറൽ | 72,000 | 48,000 | 70,000 | 1,12,000 | 98,000 | 0 | 0 | 4,00,000 |
| എസ്.സി | 72,000 | 48,000 | 45,000 | 72,000 | 63,000 | 1,00,000 | 0 | 4,00,000 |
| എസ്.റ്റി | 72,000 | 48,000 | 95,000 | 1,52,000 | 1,33,000 | 0 | 1,00,000 | 6,00,000 |

തീരുമാനം :-

1) PMAY(G) യുടെ പൊതു മാനദണ്ഡ പ്രകാരം കേന്ദ്ര സംസ്ഥാന വിഹിതമായ 1.20 ലക്ഷം രൂപ (0.72 ലക്ഷം രൂപ + 0.48 ലക്ഷം രൂപ) യും ബാക്കി വിഹിതം ഗ്രാമ, ബ്ലോക്ക്, ജില്ലാപഞ്ചായത്ത് 25 : 40 : 35 എന്ന അനുപാതത്തിലാണ് വിഹിതം വകയിരുത്തേണ്ടത്.
2) പട്ടികജാതി വികസന വകുപ്പും, പട്ടികവർഗ്ഗ വികസന വകുപ്പും 1.00 ലക്ഷം രൂപ കൈമാറണമെന്നതു സംബന്ധിച്ച് പ്രത്യേക സർക്കാർ ഉത്തരവില്ല എന്ന് യോഗത്തിൽ പട്ടിക ജാതി വികസന വകുപ്പിന്റെ പ്രതിനിധി അറിയിച്ചു. ഈ സാഹചര്യത്തിൽ ഭവന നിർമ്മാണത്തിന് കാലതാമസം ഒഴിവാക്കാനായി ഇരിങ്ങാലക്കട ബ്ലോക്ക് പഞ്ചായത്തും മുകളിൽ പറഞ്ഞ ബ്ലോക്ക് പഞ്ചായത്തുകളും ആവശ്യപ്പെട്ട പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ തന്നെ എസ്.സി.പി. വിഹിതത്തിൽ നിന്ന് ഓരോ ഗുണഭോക്താവിനും 1.00 ലക്ഷം രൂപ വീതം നൽകാൻ പ്രത്യേക അനുമതി നൽകുന്നു. പട്ടികവർഗ്ഗ കുടുംബങ്ങൾക്കാണെങ്കിൽ TSP വിഹിതം നൽകാവുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

**4. 2 ബഡ്സ് സ്കൂൾ/ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ**

അഞ്ചാലുംമൂട് ശിശുവികസന പദ്ധതി ഓഫീസറുടെ 03.01.2026-ലെ ICDS/AMD/13/2026 -ാം നമ്പർ കത്തും പെരിനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 01.01.2026-ലെ കത്തും (SRG/6/26)

വിഷയം:- ബഡ്സ് സ്കൂൾ, ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ അദ്ധ്യാപകരുടെ വിരമിക്കൽ പ്രായം സംബന്ധിച്ച്

ബഡ്സ് സ്കൂളിലേയും ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളിലേയും അദ്ധ്യാപകരുടെ വിരമിക്കൽ പ്രായം സംബന്ധിച്ച് സർക്കാർ ഉത്തരവില്ല. ചില BRC -കളിൽ അദ്ധ്യാപകരുടെ പ്രായം 60 വയസ്സ് കഴിഞ്ഞിട്ടുണ്ട്. അതിനാൽ ഈ അദ്ധ്യാപകരുടെ വിരമിക്കൽ പ്രായം സംബന്ധിച്ച് വ്യക്തത വരുത്തണമെന്നതു സംബന്ധിച്ച്

തീരുമാനം :- യോഗത്തിൽ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ശുപാർശ കൂടി പരിഗണിച്ച് ബഡ്സ് സ്കൂളിലേയും ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററുകളിലേയും അദ്ധ്യാപകരുടെയും മറ്റു ജീവനക്കാരുടെയും വിരമിക്കൽ പ്രായം 65 വയസ്സായി നിശ്ചയിക്കാൻ തീരുമാനിച്ചു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ് |

**4.3 പാലക്കാട് ജില്ലാ പഞ്ചായത്ത്**

പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.11.2025-ലെ കത്തും പാലക്കാട് ജില്ലാപഞ്ചായത്ത് ഭരണസമിതിയുടെ 18.10.2025-ലെ 12(4) -ാം നമ്പർ തീരുമാനവും പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 23.10.2025-ലെ A7- ജനറൽ നമ്പർ കത്തും (SRG/1058/25 - CC/550/25)

വിഷയം:- ജില്ലാ പഞ്ചായത്ത് വിഹിതം ഉപയോഗിച്ച് ജലസേചന കനാലുകൾ നവീകരിക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 207/26 | അടങ്കൽ | 1,00,00,000 (CFC Basic Grant) |
| പേര് | ജലസേചന കനാൽ, തടയണ, ലിഫ്റ്റ് ഇറിഗേഷൻ എന്നിവയുടെ അറ്റകുറ്റപ്പണികൾ | |

പാലക്കാട് ജില്ലയിൽ രണ്ടാം വിള നെൽക്കൃഷിക്കാവശ്യമായ വെള്ളം എത്തിക്കുന്നതിനുള്ള ജലസേചന കനാലുകളുടെ അറ്റകുറ്റപ്പണികൾ ആവർത്തന സ്വഭാവമുള്ളതാണ്. ഇത് തൊഴിലുറപ്പ് പദ്ധതിയിലൂടെ നടപ്പാക്കാൻ കഴിയില്ല. അതിനാൽ ജലസേചന കനാലുകളുടെ അറ്റകുറ്റപ്പണി നടത്താൻ മുൻവർഷങ്ങളിലെ പോലെ ഈ വർഷവും പ്രോജക്ട് എടുത്തിട്ടുണ്ട്. ജില്ലയിലെ മലമ്പുഴ, കാഞ്ഞിരപ്പുഴ, ചിറ്റൂർ ഇറിഗേഷൻ ഡിവിഷനുകൾ മുഖേന ഈ പ്രവൃത്തികൾ നടപ്പാക്കാനും ഈ തുക ഡിവിഷനുകളുടെ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ഡെപ്പോസിറ്റ് ചെയ്യാനും ഉദ്ദേശിക്കുന്നു. ചെളിയും മറ്റു തടസ്സങ്ങളും നീക്കി അറ്റകുറ്റപ്പണിയും നടത്തി കനാലുകളിലൂടെയുള്ള വെള്ളത്തിന്റെ സുഗമമായ ഒഴുക്ക് ഉറപ്പ് വരുത്തുകയാണ് ലക്ഷ്യം. 2022-23 വർഷം ഇതേ രീതിയിൽ പ്രോജക്ട് ഏറ്റെടുക്കുകയും അതിന് 22.12.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി അനുമതി നൽകുകയും ചെയ്തിരുന്നു. തുടർന്നുള്ള വർഷങ്ങളിലും കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിയോടെയാണ് പ്രോജക്ട് നടപ്പാക്കിയത്. ഈ വർഷവും പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

തീരുമാനം :- നെൽക്കൃഷിക്ക് ഇത് വളരെ സഹായകരമാകും എന്നതു പരിഗണിച്ച് അനുമതി നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

**4.4 ഇ.കെ.എൽ.എം. ഗവൺമെന്റ് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി**

ബഹു. തളിപ്പറമ്പ് എം.എൽ.എ യുടെ 24.01.2026-ലെ 21/TPBA/2026-ാം നമ്പർ കത്തും ആന്തൂർ നഗരസഭാ സെക്രട്ടറിയുടെ 15.03.2025-ലെ G3/3192/25 -ാം നമ്പർ കത്തും (SRG/48/26)

വിഷയം :- ഇ.കെ.എൻ.എം ഗവൺമെന്റ് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് പ്രോജക്ട് തയ്യാറാക്കാൻ അനുമതി സംബന്ധിച്ച്

ആന്തൂർ നഗരസഭാ പ്രദേശത്ത് സ്ഥിതിചെയ്യുന്ന സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി ആരോഗ്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ളതാണ്. ഈ ആശുപത്രി ആന്തൂർ നഗരസഭയുടെ നിയന്ത്രണത്തിലല്ലാത്തതായതിനാൽ ലാബോറട്ടറി സൗകര്യം വിപുലീകരിക്കുന്നതടക്കമുള്ള അടിസ്ഥാന സൗകര്യം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് നഗരസഭാ വിഹിതം വകയിരുത്താൻ കഴിയുന്നില്ല. ഈ ആശുപത്രിയുടെ നിയന്ത്രണം ആന്തൂർ നഗരസഭയ്ക്ക് വിട്ടു നൽകിയാൽ ആശുപത്രിയുടെ സേവനം കൂടുതൽ മെച്ചപ്പെടുത്താൻ കഴിയുമെന്നറിയിച്ചിരിക്കുന്നു. അതിനാൽ ആശുപത്രിയുടെ നിയന്ത്രണം നഗരസഭയ്ക്ക് വിട്ടു നൽകാൻ ഉചിതമായ നടപടി സ്വീകരിക്കണമെന്നും ആശുപത്രിക്ക് അടിസ്ഥാന സൗകര്യമൊരുക്കുന്നതിന് നഗരസഭാ വിഹിതം ഉപയോഗിക്കാൻ അനുമതി നൽകണമെന്നതും സംബന്ധിച്ച്.

തീരുമാനം :- സംസ്ഥാനത്തെ വിവിധ ആശുപത്രികളുടെ നിലവാരം മെച്ചപ്പെട്ടത് പ്രധാനമായും തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ മൂലമാണ് എന്ന് യോഗം വിലയിരുത്തി. ഈ സാഹചര്യത്തിൽ ഈ ആശുപത്രിയുടെ നിയന്ത്രണം ആന്തൂർ നഗരസഭയ്ക്ക് കൈമാറുന്നത് പരിഗണിക്കണമെന്ന് ആരോഗ്യ വകുപ്പിനോടാവശ്യപ്പെടാൻ തീരുമാനിച്ചു. ഈ വർഷത്തേയ്ക്ക് സ്ത്രീകളുടെയും കുട്ടികളുടേയും ആശുപത്രി എന്ന നിലയിൽ അത്യാവശ്യം വേണ്ട ഉപകരണങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ, മരുന്ന് തുടങ്ങിയവയ്ക്ക് ആന്തൂർ നഗരസഭയുടെ വിഹിതം ഉപയോഗിക്കാൻ പ്രത്യേക അനുമതി നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ഡയറക്ടർ, ആരോഗ്യവകുപ്പ്<br>2)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.5 ചുനക്കര ഗ്രാമപഞ്ചായത്ത്**

ചുനക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 14.01.2025-ലെ 348545/2026 -ാം നമ്പർ കത്തും ചുനക്കര ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 13.01.2025-ലെ 22(1)-ാം നമ്പർ തീരുമാനവും ബഹു. കേരള ഹൈക്കോടതിയുടെ 15.10.2025-ലെ WP(c)18171/25-ാം നമ്പർ ഉത്തരവും ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 13.01.2026-ലെ കത്തും (SRG/58/26 - CC/294/25, SRG /57/**26**)

വിഷയം :- ചുനക്കര ഗ്രാമപഞ്ചായത്തിലെ വെട്ടിക്കോട്ചാൽ സംരക്ഷണഭിത്തി നിർമ്മിച്ചതിന്റെ ബിൽ തുക നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 189/2018 | അടങ്കൽ | 40,00,000<br>(വികസനഫണ്ട് – ജനറൽ – 2,40,782 രൂപ<br>സി.എഫ്.സി. ബേസിക് ഗ്രാന്റ് – 2,41,718 രൂപ<br>തനത്ഫണ്ട് – 17,500 രൂപ<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം – 10,00,000 രൂപ<br>ജില്ലാ പഞ്ചായത്ത് വിഹിതം – 25,00,000 രൂപ ) |
| പേര് | വെട്ടിക്കോട് ചാൽ ശുചീകരണവും സംരക്ഷണവും | |

ചുനക്കര ഗ്രാമപഞ്ചായത്ത് 2017-18 വർഷം വെട്ടിക്കോട് ചാൽ ശുചീകരണവും സംരക്ഷണവും എന്ന പേരിൽ പ്രോജക്ട് എടുത്തിരുന്നു. ഈ പ്രോജക്ടിൽ 175 മീറ്റർ നീളത്തിൽ

സംരക്ഷണഭിത്തി നിർമ്മാണം, ചെളി നീക്കം ചെയ്യൽ, ഫെൻസിംഗ്, കലുങ്ക് നിർമ്മാണം എന്നീ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിരുന്നത്. ശ്രീ.ബഷീർ.റ്റി, ആര്യാട്ട്, പടിറ്റതിൽ എന്ന വ്യക്തിയെയാണ് പ്രവൃത്തി ഏൽപ്പിച്ചത്. 167 മീറ്റർ നീളത്തിലും 3 മീറ്റർ ഉയരത്തിലും ചാലിന്റെ കിഴക്ക്, വടക്ക്, പടിഞ്ഞാറ് വശങ്ങളിലെ സംരക്ഷണഭിത്തിയുടെ നിർമ്മാണം പൂർത്തിയായി. കുളത്തിലെ ചെളി മാറ്റുന്ന പ്രവൃത്തി നടന്നുകൊണ്ടിരുന്ന സമയത്ത് (2019 മെയ് മാസം) കുളത്തിന്റെ കിഴക്കുഭാഗത്തുള്ള 3 മീറ്റർ ഉയരത്തിലും 50 മീറ്റർ നീളത്തിലുമുള്ള സംരക്ഷണഭിത്തി ഇടിഞ്ഞു വീണു. ഇതേ തുടർന്ന് കോളേജ് ഓഫ് എഞ്ചിനീയറിംഗ് , തിരുവനന്തപുരം സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തി. ഇതിന് 38,704 രൂപ ചെലവായി. സോയിൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് പ്രകാരം ഗ്രൗണ്ട് ലെവലിൽ നിന്ന് 7.50m depth 2 black silty clay coconut pile, solone column, RCC pile എന്നിവയിലേതെങ്കിലും ചെയ്തതിനുശേഷം സംരക്ഷണഭിത്തി നിർമ്മിക്കാനാണ് നിർദ്ദേശം. എന്നാൽ കരാറിൽ ഇല്ലാത്ത പ്രവൃത്തി ചെയ്യുന്നതിന് കരാറുകാരൻ തയ്യാറായില്ല.

തുടർന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, കരാറുകാരൻ, അസിസ്റ്റൻറ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജനപ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി അന്നത്തെ എക്സിക്യൂട്ടീവ് എഞ്ചിനീയർ ഒരു യോഗം വിളിച്ചു. ഈ യോഗത്തിൽ ഇടിഞ്ഞു താഴ്ന്ന കിഴക്കുവശത്തെ സംരക്ഷണഭിത്തിയ്ക്ക് മുന്നിലായി പാറ dump ചെയ്യുന്നതിനുള്ള ഇനം ഉൾപ്പെടുത്തുന്നതിനും എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനും തീരുമാനിച്ചു. ഇപ്രകാരം ആദ്യ എസ്റ്റിമേറ്റിലെ Fencing, ഒരു കലുങ്ക് എന്നിവ ഒഴിവാക്കി EXTRA ITEMS ആയി പാറ dumping, Quarry muck filing എന്നിവ ഉൾപ്പെടുത്തി അടങ്കൽ തുകയിൽ അധികരിക്കാതെ റിവൈസിഡ് എസ്റ്റിമേറ്റ് തയാറാക്കി.

2022 ഫെബ്രുവരി മാസം പ്രവൃത്തി വീണ്ടും പുനമാരംഭിക്കുകയും കുളത്തിന്റെ ഇടിഞ്ഞു താഴ്ന്ന കിഴക്ക്ഭാഗത്ത് പാറ dump ചെയ്യുകയും ചെയ്തു. എന്നാൽ 2022 മാർച്ച് മാസത്തോടുകൂടി കുളത്തിന്റെ വടക്ക് ഭാഗത്തുള്ള 3 മീറ്റർ ഉയരത്തിലുള്ള സംരക്ഷണഭിത്തിക്കും settlement ഉണ്ടായി. ഇതിനുശേഷം പ്രവൃത്തി നിർത്തി വയ്ക്കുകയും ജില്ലാ ടെക്നിക്കൽ കമ്മിറ്റി പരിശോധന നടത്തുകയും കമ്മിറ്റിയുടെ നിർദ്ദേശാനുസരണം Cocunut Pile, പാറ, DUMPING OF PITCHING പ്രവൃത്തികൾ ഉൾപ്പെടുത്തി വീണ്ടും എസ്റ്റിമേറ്റ് റിവൈസ് ചെയ്തു. അടങ്കൽ തുക 63,65,000/- രൂപ ആയി വർദ്ധിച്ചു. എന്നാൽ പദ്ധതി അടങ്കൽ തുക 40 ലക്ഷം രൂപ മാത്രം ആണ്. തുടർന്ന് പദ്ധതിയുമായി ബന്ധപ്പെട്ട തുടർനടപടികൾ ഒന്നും തന്നെ നടന്നിട്ടില്ല. വെട്ടിക്കോട് ചാലിന്റെ മൂന്ന് വശങ്ങളിലും സംരക്ഷണ ഭിത്തി നിർമ്മിച്ചതിന്റെ അളവുകൾ എം ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളതും കുളത്തിലെ ചെളി നീക്കുന്നതുമായി ബന്ധപ്പെട്ട് INTIAL LEVEL എടുത്തിട്ടുള്ളതുമാണ്. എന്നാൽ പ്രവൃത്തിയുടെ ബില്ല് തയ്യാറാക്കിയിട്ടില്ല. മേൽ വിശദാംശങ്ങളുടെ അടിസ്ഥാനത്തിലും നടത്തിയ പണി സംബന്ധിച്ച് അളവു പുസ്തകത്തിൽ രേഖപ്പെടുത്തൽ വരുത്തിയ സാഹചര്യത്തിലും കരാറുകാരന്റെ വീഴ്ചയാണെന്നു കരുതാൻ തക്ക എന്തെങ്കിലും കണ്ടെത്താൻ കഴിയാത്ത സാഹചര്യത്താലും തുക അനുവദിക്കുന്നതിന് അനുമതി നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

ഈ പ്രവൃത്തിയുടെ തുക നൽകാത്തതിനാൽ കരാറുകാരൻ ബഹു.ഹൈക്കോടതിയിൽ WP(C)18171/25 ആയി കേസ് ഫയൽ ചെയ്തു. ബഹു.ഹൈക്കോടതിയുടെ ഉത്തരവ് ലഭിച്ച് നാലുമാസത്തിനകം കരാറുകാരന് അർഹതപ്പെട്ട തുക, ആവശ്യമെങ്കിൽ ബന്ധപ്പെട്ട അധികാരികളുടെ അനുമതിയോടെ, നൽകാൻ ബഹു.ഹൈക്കോടതി 15.10.2025-ൽ ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ച് കരാറുകാരന് തുക നൽകാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :- 1) ഇതു സംബന്ധിച്ച് 03.07.2025-ൽ ഗ്രാമപഞ്ചായത്ത് അനുമതി ആവശ്യപ്പെട്ടതിനെ തുടർന്ന് അധിക വിവരങ്ങൾ ഉൾപ്പെടുത്തി നൽകാൻ 01.08.2025 ന് എസ്.ആർ.ജി.യിൽ നിന്നാവശ്യപ്പെട്ടിരുന്നു എന്നും ഏഴു മാസത്തോളം സമയമെടുത്ത് 13.01.2026-ൽ ഓൺ ലൈൻ ആയി ഫയൽ മടക്കി നൽകിയെങ്കിലും ആവശ്യപ്പെട്ട വിവരങ്ങൾ ഉൾപ്പെടുത്തിയിരുന്നില്ല എന്നും യോഗം വിലയിരുത്തി. ഇത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ഭാഗത്തു നിന്നുണ്ടായ ഗുരുതര വീഴ്ചയാണ്. ഇതു പരിശോധിച്ച് സെക്രട്ടറിയുടെ പേരിൽ ഉചിതമായ നടപടി സ്വീകരിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തി.

2) ബഹു. ഹൈക്കോടതിയുടെ ഉത്തരവുള്ള സാഹചര്യത്തിലും തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം വരാനുള്ള സാഹചര്യത്തിലും കാലതാമസമൊഴിവാക്കാൻ ഇത് പരിശോധിച്ച് തീരുമാനമെടുത്ത് ഗ്രാമപഞ്ചായത്തിനെ അറിയിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്<br>2) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്<br>3) തദ്ദേശസ്വയംഭരണ ( ഡബ്ല്യൂ.എം) വകുപ്പ് |

## 4.6 കോഴിക്കോട് ജില്ലാ പഞ്ചായത്ത്

കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 31.07.2025-ലെ കത്തും കോഴിക്കോട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 19.07.2025-ലെ DP6 -20/25 -ലെ കത്തും കോഴിക്കോട് ജില്ലാപഞ്ചായത്ത് ഭരണസമിതിയുടെ 27.06.2025 -ലെ 14(1)-ാം നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG/ 789/25 - CC/386/25).

വിഷയം:- കോഴിക്കോട് ജില്ലയിലെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചേർന്ന് സ്നേഹസ്പർശം എന്ന ജീവകാരുണ്യ പദ്ധതി നടപ്പാക്കുന്നതിന് തുടർ അനുമതി സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 427/26 | അടങ്കൽ | 50,00,000 രൂപ (വികസനഫണ്ട് - ജനറൽ) |
| *പേര്* | സ്നേഹസ്പർശം | |

കോഴിക്കോട് ജില്ലയിലെ മുഴുവൻ തദ്ദേശഭരണ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി 2012 മുതൽ ജില്ലാ പഞ്ചായത്ത് നടപ്പാക്കുന്ന ആരോഗ്യ പരിരക്ഷാ പദ്ധതിയാണ് 'സ്നേഹസ്പർശം'. സ്നേഹസ്പർശം എന്ന പദ്ധതി 2017-18 മുതൽ സർക്കാർ അനുമതിയോടെയാണ് നടപ്പാക്കുന്നത്. ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും ജില്ലാകളക്ടർ ചീഫ് കോഓർഡിനേറ്ററും ജില്ലാ പഞ്ചായത്ത് സെക്രട്ടറി കൺവീനറുമായ സ്നേഹസ്പർശം പദ്ധതി കിഡ്നി പേഷ്യന്റ് വെൽഫയർ സൊസൈറ്റി എന്ന സംഘടനയാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. സൗജന്യമായി വൃക്കമാറ്റ ശസ്ത്രക്രിയ നടത്തുന്നുണ്ട്. ഇതുൾപ്പെടെ 1500 ഓളം വൃക്ക, കരൾ, മാനസിക, എയ്ഡ്സ് രോഗികൾക്ക് തുടർച്ചയായ ധനസഹായങ്ങളും, സൗജന്യ മരുന്ന് വിതരണവും നടത്തുന്നുണ്ട്. ജീവിത ശൈലീ രോഗ നിർണ്ണയം, ബോധവൽക്കരണം അടക്കമുള്ള വിവിധ സേവനങ്ങളും ഈ പദ്ധതിയിലൂടെ ചെയ്യുന്നുണ്ട്. ഇതിനായി ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ വകയിരുത്തിയിരിക്കുന്ന വിഹിതം താഴെപ്പറയും പ്രകാരമാണ്.

| തദ്ദേശഭരണ സ്ഥാപനം | ഈ വർഷത്ത വിഹിതം |
|---|---|
| **1.** ഗ്രാമപഞ്ചായത്ത് | 4.00 ലക്ഷം രൂപ വീതം |
| **2.** ബ്ലോക്ക് പഞ്ചായത്ത് | 7.00 ലക്ഷം രൂപ വീതം |
| **3.** ജില്ലാ പഞ്ചായത്ത് | 50.00 ലക്ഷം രൂപ |
| **4.** നഗരസഭ | 7.00 ലക്ഷം രൂപ വീതം |
| **5.** കോർപ്പറേഷൻ | 1.00 കോടി രൂപ |

കഴിഞ്ഞ വർഷവും ഇതേ നിരക്കിലാണ് തുക വകയിരുത്തിയിരുന്നത്. ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് വിഹിതം സ്വീകരിച്ച് ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :- (1) ഇത് ഒരു തുടർ പദ്ധതി എന്ന നിലയിൽ താഴെപ്പറയുന്ന നിബന്ധനകളോടെ അനുമതി നൽകുന്നു.

(i) മുകളിൽ പറഞ്ഞ കിഡ്നി പേഷ്യന്റ് വെൽഫയർ സൊസൈറ്റിയുടെ ഘടനയിൽ ഇനി പറയും പ്രകാരമുള്ള മാറ്റം വരുത്തി വേണം പ്രോജക്ട് നടപ്പാക്കേണ്ടത്.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് – ചെയർമാൻ
ജില്ലാ കളക്ടർ – സെക്രട്ടറി
തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ – ജോയിന്റ് സെക്രട്ടറി
ജില്ലാ പഞ്ചായത്ത് സെക്രട്ടറി – കൺവീനർ

ഇതിനുപുറമെ മുൻ കോഓർഡിനേഷൻ കമ്മിറ്റി യോഗങ്ങളിൽ നിർദ്ദേശിച്ചിരുന്നതുപോലെ താഴെപ്പറയുന്ന നിബന്ധനകളും പാലിക്കേണ്ടതാണ്.

(i) ജില്ലയിലെ തദ്ദേശഭരണസ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്മാരുടെ യോഗം വിളിച്ച് ചേർത്തുവേണം ഓരോ തദ്ദേശഭരണ സ്ഥാപനവും നൽകേണ്ട വിഹിതം സംബന്ധിച്ച് തീരുമാനമെടുക്കേണ്ടത്.

(ii) സൊസൈറ്റിരേഖകളും ഓരോ വർഷത്തെ നടത്തിപ്പും ലോക്കൽ ഫണ്ട് ഓഡിറ്റിനും C&AG ഓഡിറ്റിനും വിധേയമാക്കണം. ഒപ്പം ചാർട്ടേഡ് അക്കൗണ്ടിന്റെ ഓഡിറ്റും നടത്തണം.

(iii) ഓരോ വർഷവും പ്രവർത്തന റിപ്പോർട്ട് സർക്കാരിന് നൽകണം. ഒപ്പം ഇവ ജില്ലയിലെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും നൽകണം.

(iv) മാർഗ്ഗരേഖ പ്രകാരമുള്ള വരുമാന പരിധി പാലിച്ച് വേണം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടത്.

(v) സംഭാവനയടക്കം മറ്റ് സ്രോതസ്സിലൂടെ പരമാവധി തുക കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കണം.

(2) പ്രതിഫലം നൽകിക്കൊണ്ട് ആരേയും നിയമിക്കാവുന്നതല്ല.

(3) അടുത്ത വർഷം ഈ പ്രോജക്ട് നടപ്പാക്കുന്നുണ്ടെങ്കിൽ വർഷാരംഭത്തിൽ തന്നെ കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി വാങ്ങി വേണം നടപ്പാക്കേണ്ടത്. അനുമതിക്കായി നൽകുമ്പോൾ മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്, 2025-26-ലെ പ്രവർത്തന റിപ്പോർട്ട് എന്നിവ ഉൾപ്പെടുത്തണം.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4. 7 <u>പത്തനംതിട്ട ജില്ലാ പഞ്ചായത്ത്</u>**

പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27.08.2025-ലെ കത്തും പത്തനംതിട്ട ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 08.07.2025-ലെ 1(2)-ാം നമ്പർ തീരുമാനവും ക്ലീൻ കേരള കമ്പനി മാനേജിംഗ് ഡയറക്ടറുടെ 13.10.2025-ലെ C-1448/ DRRF/2023-ാം നമ്പർ കത്തും മാനേജിംഗ് ഡയറക്ടറുടെ തന്നെ 17.07.2025-ലെ CKCL/C55/AS/35-IPWMF/2023-24-ാം നമ്പർ കത്തും അനുബന്ധരേഖകളും (SRG/895/25 - CC/456/25, SRG/993/25 )

വിഷയം:- കുന്നന്താനം ഗ്രീൻ പാർക്കിലെ പ്ലാസ്റ്റിക് പാഴ് വസ്തു സംസ്കരണ ശാലയിൽ അധിക പ്രവൃത്തികൾ നടത്തുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| പ്രോ.നം. 140/26 | അടങ്കൽ | 2,00,00,000 രൂപ<br>(CFC Tied Grant – 50,00,000 രൂപ<br>ശുചിത്വ മിഷൻ വിഹിതം – 1,28,00,000 രൂപ<br>ക്ലീൻ കേരള കമ്പനി വിഹിതം – 22,00,000) |
| പേര് | കുന്നന്താനം പ്ലാസ്റ്റിക് പാഴ് വസ്തു സംസ്കരണശാലയ്ക്ക് ഗോഡൗൺ നിർമ്മാണവും അനുബന്ധ സൗകര്യങ്ങളും ഏർപ്പെടുത്തൽ | |

പത്തനംതിട്ട ജില്ലാ പഞ്ചായത്തും ക്ലീൻ കേരള കമ്പനിയും കുന്നന്താനം ഗ്രാമപഞ്ചായത്തും ചേർന്ന് 8.38 കോടി രൂപ മുടക്കി നിർമ്മിച്ച പ്ലാസ്റ്റിക് പാഴ് വസ്തു സംസ്കരണകേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. ഇതിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി താഴെപ്പറയുന്ന സൗകര്യങ്ങൾ ഒരുക്കുന്നതിന് ജില്ലാ പഞ്ചായത്തും ശുചിത്വ മിഷനും ക്ലീൻ കേരള കമ്പനിയും വിഹിതം വകയിരുത്തിയിട്ടുണ്ട്.

| **ക്രമനം** | **ഇനം** | **തുക** |
|---|---|---|
| 1 | 10,000 ചതുരശ്ര അടിയിൽ ഗോഡൗണിന്റെ നിർമ്മാണവും അനുബന്ധ പ്രവൃത്തികളും | 82,25,000 രൂപ |
| 2 | വെയ്ബ്രിഡ്ജ് | 8,00,000 രൂപ |
| 3 | Forke Lift Tank with Ball Clamp | 16,75,000 രൂപ |
| 4 | ചിമ്മിനി | 3,00,000 രൂപ |
| 5 | മിനി ലോറി –2എണ്ണം | 26,00,000 രൂപ |
| 6 | ഗ്രൈന്റിംഗ് മെഷീൻ | 9,00,000 രൂപ |
| 7 | വാഷിംഗ് മെഷീൻ | 15,00,000 രൂപ |
| 8 | പ്രൊഡക്ഷൻ മെഷീൻ | 40,00,000 രൂപ |
| | **ആകെ** | **2,00,00,000 രൂപ** |

ഈ പ്രോജക്ട് നടപ്പാക്കാനും ജില്ലാ പഞ്ചായത്ത് വിഹിതമായ 50.00 ലക്ഷം രൂപയും ശുചിത്വ മിഷൻ വിഹിതമായ 1.28 കോടി രൂപയും (SBM ഗ്രാമീൺ) ക്ലീൻ കേരള കമ്പനിക്ക് കൈമാറാനും അനുമതി സംബന്ധിച്ച്.

തീരുമാനം :- ശുചിത്വ മിഷൻ നൽകുന്ന വിഹിതമായ 1.28 കോടി രൂപയിൽ 16.00 ലക്ഷം രൂപ കുറയുമെന്ന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ പ്രതിനിധി യോഗത്തിൽ അറിയിച്ചു. ക്ലീൻ കേരള കമ്പനിയാണ് ഈ പ്ലാന്റിന്റെ നിർമ്മാണം നടത്തിയത് എന്നതിനാൽ ഇത് കുറച്ചുള്ള ബാക്കി ശുചിത്വ മിഷൻ തുകയും ജില്ലാ പഞ്ചായത്ത് വിഹിതവും ക്ലീൻ കേരള കമ്പനിക്ക് കൈമാറാൻ അനുമതി നൽകുന്നു. ശുചിത്വ മിഷനുമായി ആവശ്യമായ കൂടിയാലോചന നടത്തേണ്ടതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ് |

**4. 8 കോന്നി ബ്ലോക്ക് പഞ്ചായത്ത്**

കോന്നി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 03.01.2026-ലെ കത്ത് (SRG/5/26)

വിഷയം:- ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന് വാഹനം വാങ്ങുന്നത് സംബന്ധിച്ച്

കോന്നി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ പഴയ വാഹനം കണ്ടം ചെയ്ത് വിറ്റു. ഇതിനു പകരമായി പുതിയ വാഹനം വാങ്ങാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

തീരുമാനം :- സബ്സിഡി – ധനസഹായ മാർഗ്ഗരേഖ പ്രകാരവും (28.05.2022-ലെ 115/2022/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്), 20.08.2022-ലെ 2030/2022/ തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരവും പ്രസിഡന്റിന്റെ ആവശ്യത്തിന് പ്രത്യേകം വാഹനം വാങ്ങാവുന്നതാണെന്ന് അറിയിക്കുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

**4.9 ഉദയംപേരൂർ ഗ്രാമ പഞ്ചായത്ത്**

എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.12.2025-ലെ കത്തും ഉദയംപേരൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 29.10.2025-ലെ 3(1)-ാം നമ്പർ തീരുമാനവും എറണാകുളം ജില്ലാ കളക്ടറുടെ 22.12.2025-ലെ 99/2025/DPC/DPO/EKM നമ്പർ കത്തും (SRG/21/26, SRG/1118/25 – CC/564/25)

വിഷയം:- കർഷക കൂട്ടായ്മയായ 'സസ്യ'യിലൂടെ വിപണനം നടത്തുന്ന കർഷകർക്ക് ഉല്പാദന ഇൻസെന്റീവ് നൽകുന്നതിന് അനുമതി സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 15/2026 | അടങ്കൽ | 50,000 രൂപ<br>(വികസനഫണ്ട് ജനറൽ – 37,500 രൂപ<br>Externally Aided Share–12,500 രൂപ |
| പേര് | പച്ചക്കറി കർഷകർക്ക് ഉൽപ്പന്ന ഇൻസെന്റീവ് | |

ഉദയംപേരൂർ ഗ്രാമപഞ്ചായത്തിൽ 2017 മുതൽ 'സസ്യ' എന്ന പേരിൽ ഒരു കർഷക കൂട്ടായ്മ (ഇക്കോ ഷോപ്പ്) പ്രവർത്തിക്കുന്നുണ്ട്. കോഓർഡിനേഷൻ കമ്മിറ്റിയുടെ 19.12.2022, 22.06.2023 എന്നീ തീയതികളിലെ യോഗ തീരുമാന പ്രകാരം ഈ സ്ഥാപനം വഴി നൽകുന്ന പച്ചക്കറി തൈകൾക്ക് 50% സബ്സിഡി നൽകാൻ ഗ്രാമപഞ്ചാത്തിന് അനുമതി നൽകിയിട്ടുണ്ട്. ഒരു വർഷം ഏകദേശം ഏഴുലക്ഷം രൂപ വില വരുന്ന പച്ചക്കറികൾ കർഷകർ ഇക്കോ ഷോപ്പുവഴി വിപണനം നടത്തുന്നുണ്ട്. ഒരു വർഷം കുറഞ്ഞത് 2000 രൂപയുടെ പച്ചക്കറിയെങ്കിലും 'സസ്യ'യിൽ വിപണനം നടത്തുന്ന കർഷകർക്ക് സംഭരണ വിലയുടെ 10 ശതമാനം ഉല്പാദന ഇൻസെന്റീവ് നൽകാൻ ഉദ്ദേശിക്കുന്നു. ഇപ്രകാരം നൽകുന്ന ഇൻസെന്റീവിന്റെ 75 ശതമാനം വികസനഫണ്ടും 25 ശതമാനം 'സസ്യ' കർഷക കൂട്ടായ്മയും വഹിക്കും. ഒരു കർഷകന് പരമാവധി നൽകുന്ന ഇൻസെന്റീവ് തുക 5,000 രൂപയാണ്. 'സസ്യ'യിൽ നിന്നും നൽകുന്ന പച്ചക്കറി തൈകൾക്ക് ഗ്രാമപഞ്ചായത്ത് വിഹിതത്തിൽ നിന്ന് 50 ശതമാനം സബ്സിഡിയാണ് കർഷർകർക്ക് നൽകുന്നത്. വികസന ഫണ്ട് കൂടി വകയിരുത്തിയിട്ടുള്ള ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :- കൃഷി മേഖലയിൽ സബ്സിഡിക്ക് പുറമെ ഉല്പാദന ഇൻസെന്റീവ് നൽകാവുന്നതല്ല. ആവശ്യം നിരസിച്ചു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.10 കണ്ണൂർ ജില്ലാ പഞ്ചായത്ത്**

കണ്ണൂർ ജില്ലാപ്ലാനിംഗ് ഓഫീസറുടെ 01.11.2025-ലെ കത്തും കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 18.09.2025-ലെ 4114187/2025 -ാം നമ്പർ കത്തും (SRG/1052/25 – CC/497/25)

വിഷയം:- കണ്ണൂർ ജില്ലയുടെ സാമ്പത്തിക അവലോകന റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള പ്രോജക്ടിന് അനുമതി സംബന്ധിച്ച്.

| | | |
|---|---|---|
| പ്രോ.നം. 167/2026 | അടങ്കൽ | 5,00,000 രൂപ<br>(വികസനഫണ്ട് ജനറൽ) |
| പേര് | കണ്ണൂർ ജില്ലാ സാമ്പത്തിക റിവ്യൂ | |

കണ്ണൂർ ജില്ലാ പഞ്ചായത്ത് ജില്ലയുടെ സാമ്പത്തിക സ്ഥിതി റിപ്പോർട്ട് തയ്യാറാക്കുന്നതിന് ത്രിതല പഞ്ചായത്തുകളിലെ Human Development Index (HDI) തയ്യാറാക്കി റിപ്പോർട്ട് തയ്യാറാക്കുകയാണ് ലക്ഷ്യം. ഈ വർഷം 5.00 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. 2026-27 വർഷം 10.00 ലക്ഷം രൂപ കൂടി വകയിരുത്തി ആകെ 15.00 ലക്ഷം

രൂപ അടങ്കലിലാണ് പ്രോജക്ട് രൂപീകരിക്കുന്നത്. നിലവിൽ പഞ്ചായത്ത് തലത്തിലുള്ള സാമ്പത്തിക സ്ഥിതി വിവര ഡേറ്റ ലഭ്യമല്ല. സെക്കന്ററി ഡേറ്റാ ഉപയോഗിച്ചാണ് വിഷയാടിസ്ഥാനത്തിൽ അവലോകന റിപ്പോർട്ട് രൂപീകരിക്കുന്നത്. ഈ മേഖലയിൽ പ്രാവീണ്യമുള്ള ഏജൻസികളിൽ നിന്ന് താല്പര്യപത്രം ക്ഷണിച്ച് പ്രോജക്ട് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :- ജില്ലാ പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി ജില്ലയുടെ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് ശേഖരിച്ചിട്ടുണ്ട് എന്ന് യോഗം വിലയിരുത്തി. ഇതിനു പുറമെ മുകളിൽ പറഞ്ഞ രീതിയിൽ വിവരങ്ങൾ ശേഖരിക്കേണ്ട ആവശ്യകത, ഏതൊക്കെ വിവരങ്ങളാണ് ശേഖരിക്കുന്നത് എന്നിവ സംബന്ധിച്ച് വിശദാംശം സഹിതം നൽകാൻ നിർദ്ദേശിക്കുന്നു. ഇവ നൽകുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

### 4.11 ചിറക്കടവ് ഗ്രാമപഞ്ചായത്ത്

കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.11.2025-ലെ കത്തും ചിറക്കടവ് ഗ്രാമപപഞ്ചായത്ത് ഭരണസമിതിയുടെ 27.09.2025-ലെ 1(3) -ാം നമ്പർ തീരുമാനവും (SRG/1064/25 - CC/517/25)

വിഷയം:- തെരഞ്ഞെടുത്ത വിദ്യാർത്ഥികൾക്ക് ബോധവൽക്കരണത്തിനുള്ള പ്രോജക്ടിന് അനുമതി സംബന്ധിച്ച്.

| | | |
|---|---|---|
| പ്രോ.നം. 306/26 | അടങ്കൽ | 4,00,000 രൂപ (തനത് ഫണ്ട്) |
| പേര് | ജീവിതമാണ് ലഹരി | |

കുട്ടികളെ ലഹരിയിൽ നിന്നും വിമുക്തമാക്കണമെന്ന ലക്ഷ്യത്തോടെ കുട്ടികളുടെ പഠനപ്രക്രിയ നൈപുണ്യ കേന്ദ്രീകൃതവും ശാസ്ത്രീയവും എളുപ്പമുള്ളതും സൗഹാർദ്ദപരവും ഫലപ്രദവും ലക്ഷ്യബോധവും ആക്കുന്നതിനുള്ളതാണ് പ്രോജക്ട്. ചിറക്കടവ് ഗ്രാമപഞ്ചായത്തിലെ സർക്കാർ/എയ്ഡഡ് ഹൈസ്കൂളിലെ തെരഞ്ഞെടുത്ത 100 വിദ്യാർത്ഥികൾക്കാണ് കൗൺസിലിംഗ് നൽകിയത്. അങ്കമാലി കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പോസിറ്റീവ് ലേണിംഗ് എന്ന സ്ഥാപനം മുഖേനയാണ് കൗൺസിലിംഗ് അടക്കമുള്ള പ്രവർത്തനം നടത്തിയത്. ഈ പ്രോജക്ടിന് സാധൂകരണം നൽകണമെന്നതു സംബന്ധിച്ച്.

തീരുമാനം :- എങ്ങനെയാണ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പോസിറ്റീവ് ലേണിംഗ് എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തത് എന്നതടക്കമുള്ള വിവരങ്ങൾ നൽകിയിട്ടില്ല. മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത പ്രോജക്ട് സർക്കാർ/നൂതന പ്രോജക്ടുകൾക്കു വേണ്ടിയുള്ള ജില്ലാതല കമ്മിറ്റിയുടെ പ്രത്യേക അനുമതി കൂടാതെ നടപ്പാക്കിയത് വീഴ്ചയാണ്. ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്<br>2)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

### 4.12 മത്തായിചാക്കോ മെമ്മോറിയൽ മലബാർ സ്പോർട്സ് ഡെവലപ്മെന്റ് ആന്റ് വെൽഫയർ കോഓപ്പറേറ്റീവ് സൊസൈറ്റി ( MASDCOS)

ബഹു. തിരുവമ്പാടി MLA യുടെ 20.01.2025-ലെ GEN/MLATOY/07/26-ാം നമ്പർ കത്തും 23.12.2025-ലെ കത്തും MASDCOS സെക്രട്ടറിയുടെ കത്തും അനുബന്ധരേഖകളും കോഓർഡിനേഷൻ കമ്മിറ്റിയുടെ 22.10.2025-ലെ 4.26-ാം നമ്പർ തീരുമാനവും (SRG/11/26)

വിഷയം :- മത്തായിചാക്കോ മെമ്മോറിയൽ മലബാർ സ്പോർട്സ് ഡെവലപ്മെന്റ് വെൽഫയർ കോഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്ന് സ്പോർട്സ് ഉപകരണങ്ങൾ ടെണ്ടർ കൂടാതെ വാങ്ങാൻ അനുമതി സംബന്ധിച്ച്

സ്പോർട്സ് രംഗത്തെ കേരളത്തിലെ ആദ്യ സഹകരണ സ്ഥാപനമാണ് തിരുവമ്പാടിയിൽ പ്രവർത്തിച്ചു വരുന്ന മത്തായി ചാക്കോ മെമ്മോറിയൽ മലബാർ സ്പോർട്സ് ഡെവലപ്മെന്റ് ആന്റ് വെൽഫയർ കോഓപ്പറേറ്റീവ് സൊസൈറ്റി (MASDCOS). കായികതാരങ്ങൾക്ക് വിദഗ്ധ പരിശീലനം നൽകുക, തദ്ദേശഭരണ സ്ഥാപനങ്ങൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും കായിക പരിശീലന ഉപകരണങ്ങൾ മിതമായ വിലക്ക് ലഭ്യമാക്കുക തുടങ്ങിയ സേവനങ്ങൾ MASDCOS - നൽകുന്നു. കായിക മേഖലയ്ക്കുള്ള പരിശീലന ഉപകരണങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ടെണ്ടർ നടപടി കൂടാതെ നേരിട്ട് വാങ്ങുന്നതിന് അനുമതി ആവശ്യപ്പെട്ടെങ്കിലും ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ച് മാസ്ഡികോസിൽ നിന്ന് പരിശീലന ഉപകരണങ്ങൾ വാങ്ങാനാണ് 22.10.2025-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം നിർദ്ദേശിച്ചത്. മാസ്ഡികോസ് വിതരണം ചെയ്യുന്ന സ്പോർട്സ് ഉപകരണങ്ങളുടെ MRP, മാർക്കറ്റ് വില, മാസ്ഡികോസ് ഈടാക്കുന്ന വില എന്നിവ കാണിക്കുന്ന താരതമ്യപത്രം നൽകിയിട്ടുണ്ട്. ഇതനുസരിച്ച് മാസ്ഡികോസ് ഈടാക്കുന്ന വില കുറവാണ്. മിതമായ നിരക്കിൽ കായിക പരിശീലന ഉപകരണങ്ങൾ ലഭ്യമാക്കുകയാണ് സൊസൈറ്റിയുടെ ലക്ഷ്യം. ഇതു പരിഗണിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കായിക പരിശീലന ഉപകരണങ്ങൾ ടെണ്ടർ നടപടി ഒഴിവാക്കി മാസ്ഡികോസിൽ നിന്നും വാങ്ങാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

തീരുമാനം :- മാസ്ഡികോസ് നൽകിയ ലിസ്റ്റ് അനുസരിച്ച് ഈ സ്ഥാപനം ഈടാക്കുന്ന വില മാർക്കറ്റ് വിലയേക്കാൾ കുറവാണ് എന്നത് പരിഗണിച്ച് കോഴിക്കോട് ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ സ്പോർട്സ് ഉപകരണങ്ങൾ മാസ്ഡിക്കോസിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങാൻ പ്രത്യേക അനുമതി നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

### 4.13 കൊല്ലം ജില്ലാ ആയുർവേദ ഔഷധ നിർമ്മാണ വ്യവസായ സഹകരണസംഘം

കൊല്ലം ജില്ലാ ആയുർവേദ ഔഷധ നിർമ്മാണ വ്യവസായ സഹകരണസംഘം പ്രസിഡന്റിന്റെ 05.01.2026-ലെ Esst/(Q)279/Govt.Supply/2025-ാം നമ്പർ കത്തും അനുബന്ധ രേഖകളും (SRG/47/26)

വിഷയം :- കൊല്ലം ജില്ലാ ആയുർവേദ ഔഷധ നിർമ്മാണ വ്യവസായ സഹകരണസംഘം ഉല്പാദിപ്പിക്കുന്ന ഔഷധങ്ങൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നേരിട്ട് വാങ്ങാൻ അനുമതി സംബന്ധിച്ച്

കൊല്ലം ആയുർവേദ ഔഷധ നിർമ്മാണ വ്യവസായ സഹകരണസംഘം (ഭേഷജം) ആയുർവേദ മരുന്നുകൾ ഉല്പാദിപ്പിക്കുന്ന ഒരു സഹകരണസംഘമാണ്. ഈ സംഘത്തിന് 214 ആയുർവേദ മരുന്നുകൾ ഉല്പാദിപ്പിക്കാനുള്ള ഡ്രഗ് ലൈസൻസ് ഉണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള ആയുർവേദ ആശുപത്രികൾക്ക് ആവശ്യമായ മരുന്ന് 30 മുതൽ 35 ശതമാനം വരെ വില കിഴിവോടെ ഈ സ്ഥാപനത്തിൽ നിന്നും വാങ്ങാൻ 19.07.2017-ൽ

സർക്കാർ അനുമതി നൽകിയിരുന്നു. തുടർന്നുള്ള വർഷങ്ങളിൽ ഈ ഉത്തരവ് പുതുക്കി നൽകിയിട്ടുണ്ട്. 11.06.2024-ലെ 1015/2024/ തസ്വഭവ ഉത്തരവ് പ്രകാരം ഈ സ്ഥാപനത്തിൽ നിന്ന് മരുന്ന് മുകളിൽ പറഞ്ഞ വില കിഴിവോടെ 31.12.2026 വരെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആയുർവേദ ആശുപത്രികൾക്ക് വാങ്ങാൻ അനുമതി നൽകിയിട്ടുണ്ട്. ഈ സ്ഥാപനത്തിന് 31.12.2028 വരെ Good Manufacturing Practice (GMP) സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്. ഒപ്പം ഡ്രഗ് ലൈസൻസും ലഭിച്ചിട്ടുണ്ട്. ഈ സംഘം ഉല്പാദിപ്പിക്കുന്ന ആയുർവേദ മരുന്നുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള ആശുപത്രികൾക്ക് വാങ്ങാൻ അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിന്റെ കാലാവധി 31.12.2026 ൽ നിന്ന് GMP സർട്ടിഫിക്കറ്റിന്റെ കാലാവധി അവസാനിക്കുന്ന 31.12.2028 വരെ ദീർഘിപ്പിച്ചു നൽകണമെന്നതു സംബന്ധിച്ച്.

തീരുമാനം :- ഈ സംഘം (ഭേഷജം) ഉല്പാദിപ്പിക്കുന്ന മരുന്നുകൾ ഡ്രഗ് ലൈസൻസിൽ പറയുന്ന നിബന്ധകളുടേയും GMP യുടെയും അടിസ്ഥാനത്തിൽ 11.06.2024 ലെ 1015/2024/തസ്വഭവ നമ്പർ ഉത്തരവിന്റെ കാലാവധി താഴെപ്പറയുന്ന നിബന്ധനകളോടെ 31.12.2028 വരെ ദീർഘിപ്പിച്ചു നൽകുന്നു. മുൻ സർക്കാർ ഉത്തരവുകളിൽ നിർദ്ദേശിച്ചിരുന്നതുപോലെ വകുപ്പിൽ പ്രാബല്യത്തിൽ ഉള്ള നിരക്കിൽ അധികരിക്കാതെയും 30 മുതൽ 35 ശതമാനം വിലകിഴിവോടെയും മരുന്നുകൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആശുപത്രികൾക്ക് നൽകേണ്ടതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

## 4.14 **കേരള ഇൻസ്റ്റിറ്റ്യൂഷൻ ഫോർ ദി ബ്ലൈന്റ്**

സർക്കാരിന്റെ 07.01.2026-ലെ DA1/3/2026-ാം നമ്പർ കത്തും കേരള ഇൻസ്റ്റിറ്റ്യൂഷൻ ഫോർ ദി ബ്ലൈന്റ് ജനറൽ സെക്രട്ടറിയുടെ 19.12.2025-ലെ കത്തും അനുബന്ധ രേഖകളും (SRG/18/26)

വിഷയം :- കേരള ഇൻസ്റ്റിറ്റ്യൂഷൻ ഫോർ ദി ബ്ലൈന്റ് നിർമ്മിക്കുന്ന ഫയൽ ബോർഡുകൾ തൃശ്ശൂരിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നേരിട്ട് വാങ്ങാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

കേരള ഇൻസ്റ്റിറ്റ്യൂഷൻ ഫോർ ദി ബ്ലൈന്റ് എന്ന സ്ഥാപനം ചാരിറ്റബിൾ സൊസൈറ്റിയുടെ കീഴിലുള്ള പുനരധിവാസ കേന്ദ്രമാണ്. സർക്കാരിന്റെ 02.03.2013 ലെ 291/13/ഉ.വി.വ നമ്പർ ഉത്തരവു പ്രകാരം ഈ സ്ഥാപനത്തെ സ്റ്റേഷനറി വകുപ്പിന്റെ അംഗീകൃത നിർമ്മാണ യൂണിറ്റായി അംഗീകരിച്ചുകൊണ്ട് സ്റ്റേഷനറി വകുപ്പിനാവശ്യമായ ഫയൽ ബോർഡുകൾ നിർമ്മിച്ചു നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഈ സ്ഥാപനം ഓഫീസ് ആവശ്യത്തിനാവശ്യമായ ഫയൽ ബോർഡ് നിർമ്മിക്കുന്നുണ്ട്. ഇപ്പോൾ 5 മാസം മാത്രമാണ് ഇവിടുത്തെ അന്തേവാസികൾക്ക് തൊഴിൽ ലഭിക്കുന്നത്. തൃശ്ശൂർ ജില്ലയിലെ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ആവശ്യമായ ഫയൽ ബോർഡ്, ബുക്കുകൾ എന്നിവ ടെണ്ടർ കൂടാതെ കേരള ഇൻസ്റ്റിറ്റ്യൂഷൻ ഫോർ ദി ബ്ലൈന്റ് എന്ന സ്ഥാപനത്തിൽ നിന്നു വാങ്ങാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

തീരുമാനം :- കാഴ്ചശക്തിയില്ലാത്തവർക്ക് ഒരു വരുമാന മാർഗ്ഗമെന്ന നിലയിൽ തൃശ്ശൂർ ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ ഫയൽ ബോർഡ്, ബുക്കുകൾ എന്നിവ ടെണ്ടർ കൂടാതെ കേരള ഇൻസ്റ്റിറ്റ്യൂഷൻ ഫോർ ദി ബ്ലൈന്റ് എന്ന സ്ഥാപനത്തിൽ നിന്നു വാങ്ങാൻ ഇനി പറയുന്ന നിബന്ധനയോടെ അനുമതി നൽകുന്നു. വില നിശ്ചയിക്കുന്നത് സ്റ്റേഷനറി വകുപ്പിന്റെ മാനദണ്ഡ പ്രകാരമായിരിക്കണം

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

4.15 **സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്**

സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 19.09.2024-ലെ C1/26892/23/DTE നമ്പർ കത്തും 07.07.2025-ലെ DTETVM/8858/2024 - C1(ACA) നമ്പർ കത്തും അനുബന്ധമായി ചേർത്തിരിക്കുന്ന ലിസ്റ്റും സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് പ്രതിനിധികളും എസ്.ആർ.ജി.യുമായി 26.03.2025-ന് നടന്ന യോഗത്തിന്റെ മിനിറ്റ്സും (SRG/585/25)

വിഷയം:- സർക്കാർ കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട്, ഗവൺമെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിംഗ് എന്നീ സ്ഥാപനങ്ങളുടെ പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച്.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനു കീഴിൽ സംസ്ഥാനത്ത് 42 ഗവൺമെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിംഗ് (GIFD) സ്ഥാപനങ്ങളും 17 കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപനങ്ങളും ഉണ്ട്. ഈ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ നടപ്പാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥരുടെയും വെറ്റിംഗ് ഉദ്യോഗസ്ഥരുടെയും ലിസ്റ്റ് 19.09.2024-ൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ നൽകുകയും ഇതിന്മേൽ എസ്.ആർ.ജിയും സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് പ്രതിനിധികളുമായി 26.03.2025-ന് ചർച്ച നടത്തുകയും ചെയ്തിരുന്നു. ഇതനുസരിച്ച് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ 07.07.2025-ൽ നിർവ്വഹണ ഉദ്യോഗസ്ഥരുടെയും വെറ്റിംഗ് ഓഫീസറുടെയും പുതുക്കിയ ലിസ്റ്റ് താഴെപറയും പ്രകാരം നൽകിയിട്ടുണ്ട്. ഇതേ രീതിയിൽ നിർവ്വഹണ ഉദ്യോഗസ്ഥന്മാരെയും വെറ്റിംഗ് ഓഫീസർമാരെയും അംഗീകരിച്ച നൽകണമെന്നതു സംബന്ധിച്ച്.

**GOVERNMENT INSTITUTE OF FASHION DESIGNING (GIFD) -IMPLIMENTING AND VETTING OFFICERS**

**IMPLIMENTING AND VETTING OFFICER - GIFD**

| DISTRICT | SL NO | NAME OF INSTITUTION | IMPLIMENTING OFFICER | VETTING OFFICER |
|---|---|---|---|---|
| THIRUVANANTHAPURAM | 1 | Govt. Institute of Fashion Designing, Nedumangad | SUPERINTENDENT, GCI MANNANTHALA | SENIOR JOINT DIRECTOR |
| | 2 | Govt. Institute of Fashion Designing, Parassala | | |
| | 3 | Govt. Institute of Fashion Designing, Kanjiramkulam | | |
| | 4 | Govt. Institute of Fashion Designing, Kandala | | |
| | 5 | Govt. Institute of Fashion Designing, Balaramapuram | | |
| | 6 | Govt. Institute of Fashion Designing, Venjaramood | | |
| | 7 | Govt. Institute of Fashion Designing, Attingal | | |

<table>
<tr><td rowspan="2">KOLLAM</td><td>1</td><td>Govt. Institute of Fashion Designing, Thevally</td><td rowspan="2">SUPERINTENDENT, GCI PUNALUR</td><td rowspan="2">(PS),<br>Directorate of Technical Education,<br>Fort PO,<br>Thiruvananthapuram</td></tr>
<tr><td>2</td><td>Govt. Institute of Fashion Designing, Ezhukone</td></tr>
<tr><td rowspan="2">ALAPPUZHA</td><td>1</td><td>Govt. Institute of Fashion Designing, Chengannur</td><td rowspan="2">SUPERINTENDENT, GCI ALAPPUZHA</td><td rowspan="2"></td></tr>
<tr><td>2</td><td>Govt. Institute of Fashion Designing, Harippad</td></tr>
<tr><td rowspan="2">KOTTAYAM</td><td>1</td><td>Govt. Institute of Fashion Designing Pampady</td><td rowspan="2">SUPERINTENDENT, GC PALA</td><td rowspan="7">JOINT DIRECTOR<br>Regional Directorate of Technical Education ,<br>Kothamangalam,<br>Eranakulam</td></tr>
<tr><td>2</td><td>Govt. Institute of Fashion Designing, Pala</td></tr>
<tr><td rowspan="5">IDUKKI</td><td>1</td><td>Govt. Institute of Fashion Designing, Kumili</td><td rowspan="5">SUPERINTENDENT, GCI KANCHIYAR</td></tr>
<tr><td>2</td><td>Govt. Institute of Fashion Designing, Vandiperiyar</td></tr>
<tr><td>3</td><td>Govt. Institute of Fashion Designing, Devikulam</td></tr>
<tr><td>4</td><td>Govt. Institute of Fashion Designing, Rajakkad</td></tr>
<tr><td>5</td><td>Govt. Institute of Fashion Designing, Thodupuzha</td></tr>
<tr><td rowspan="2">ERANAKULAM</td><td>1</td><td>Govt. Institute of Fashion Designing, Thammanam</td><td rowspan="2">SUPERINTENDENT, GCI KALOOR</td><td rowspan="2"></td></tr>
<tr><td>2</td><td>Govt. Institute of Fashion Designing, Kalamassery</td></tr>
</table>

| | | | | |
|---|---|---|---|---|
| | 3 | Govt. Institute of Fashion Designing, Njarackal | | |
| THRISSUR | 1 | Govt. Institute of Fashion Designing, Pariyaram | SUPERINTENDENT, GCI MALA | |
| | 2 | Govt. Institute of Fashion Designing, Irringalikkuda | | |
| | 3 | Govt. Institute of Fashion Designing, Kunnamkulam | | |
| | 4 | Govt. Institute of Fashion Designing, Chembukkavu | | |
| | 5 | Govt. Institute of Fashion Designing Wadakkanchery | | |
| PALAKKAD | 1 | Govt. Institute of Fashion Designing Palakkad | SUPERINTENDENT, GCI PALAKKAD | JOINT DIRECTOR Regional Directorate of Technical Education, Malapparamba, Kozhikode |
| | 2 | Govt. Institute of Fashion Designing, Agali | | |
| | 3 | Govt. Institute of Fashion Designing, Chathannur | | |
| | 4 | Govt. Institute of Fashion Designing, Mannarkkad | | |
| MALAPPURAM | 1 | Govt. Institute of Fashion Designing, Kuttippuram | SUPERINTENDENT, GCI MANJERI | |
| | 2 | Govt. Institute of Fashion Designing Mankada | | |
| | 3 | Govt. Institute of Fashion Designing, Kondotty | | |
| | 4 | Govt. Institute of Fashion Designing, Vengara | | |
| KOZHIKODE | 1 | Govt. Institute of Fashion Designing Malapparamb | SUPERINTENDENT, GCI KOYLANDY | |
| | 2 | Govt. Institute of Fashion Designing, Vatakara | | |
| | | Govt. Institute of | | |

| | | | | |
|---|---|---|---|---|
| KANNUR | 1 | Fashion Designing, Thottada | SUPERINTENDENT, GCI KANNAPURAM | |
| | 2 | Govt. Institute of Fashion Designing, Neruvambram | | |
| WAYANAD | 1 | Govt. Institute of Fashion Designing, Vaithiri | SUPERINTENDENT, GCI WAYANAD | |
| | 2 | Govt. Institute of Fashion Designing, Mananthawady | | |
| | 3 | Govt. Institute of Fashion Designing, Sulthanbathery | | |
| KASARAGOD | 1 | Govt. Institute of Fashion Designing, Mogralputhur | SECRETARY JILLAA PANCHAYTH, KASARAGOD | |

## Government Commercial Institute (GCI) Implementing Officers and Vetting Officers

| SL NO | NAME OF INSTITUTION | IMPLIMENTIG OFFICER | DETAILS OF VETTING OFFICER |
|---|---|---|---|
| 1 | GCI MANNANTHALA, THIRUVANANTHAPURAM | SUPERINTENDENT, GCI MANNANTHALA | SENIOR JOINT DIRECTOR ( PS), Directorate of Technical Education, Thiruvananthapuram |
| 2 | GCI PUNALUR, KOLLAM | SUPERINTENDENT, GCI, PUNALOOR | |
| 3 | GCI ALAPPUZHA, ALAPPUHA | SUPERINTENDENT, GCI ALAPPUZHA | |
| 4 | GCI ETTUMANNUR, KOTTAYAM | SUPERINTENDENT, GCI PALA | JOINT DIRECTOR Regional Directorate of Technical Education, Kothamangalam, Eranakulam |
| 5 | GCI PALA, KOTTAYAM | | |
| 6 | GCI KANCHIYAR, IDUKKI | SUPERINTENDENT, GCI KANCHIYAR | |
| 7 | GCI KOTHAMANGALAM ERANAKULAM | SUPERINTENDENT, GCI ERANAKULAM | |
| 8 | GCI KALOOR ERANAKULAM | | |
| 9 | GCI POTHANICAD ERANAKULAM | | |

| | | | |
|---|---|---|---|
| 10 | GCI MALA<br>THRISSUR | SUPERINTENDENT,<br>GCI MALA | |
| 11 | GCI PALAKKAD<br>PALAKKAD | SUPERINTENDENT,<br>GCI PALAKKAD | `JOINT DIRECTOR<br>Regional Directorate of Technical Education,<br>Malapparamba<br>Kozhikode |
| 12 | GCI MANJERY<br>MALAPPURAM | SUPERINTENDENT,<br>GCI MALAPPURAM | |
| 13 | GCI KALLACHI<br>KOZHIKKODE | SUPERINTENDENT,<br>GCI KOYLANDY | |
| 14 | GCI KOYLANDY<br>KOZHIKODE | | |
| 15 | GCI MEENANGADI<br>WAYANAD | SUPERINTENDENT,<br>GCI MANNANTHALA | |
| 16 | GCI KANNAPURAM<br>KANNUR | SUPERINTENDENT,<br>GCI KANNAPURAM | |
| 17 | GCI THALIPPARAMBA<br>KANNUR | | |

തീരുമാനം :- 1) ഇതിന്മേൽ താഴെപ്പറയും പ്രകാരം തീരുമാനമെടുത്തു.

(i) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ നിന്നും ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറിയ സർക്കാർ കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകളുടെയും (GCI) സർക്കാർ ഫാഷൻ ഡിസൈനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളുടെയും (GIFD) വികസന പ്രവർത്തനങ്ങൾക്കായി ജില്ലാ പഞ്ചായത്തുകൾ ഏറ്റെടുക്കുന്ന പ്രോജക്ടുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥരായി ഗവ.കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട് സുപ്രണ്ടിനെ നിയമിക്കുന്നു. ഒന്നിൽ കൂടുതൽ കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ നിലവിലുള്ള ജില്ലകളിൽ ജില്ലയിലെ ഏതെങ്കിലും ഒരു ഗവ.കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടിലെ സൂപ്രണ്ട് എല്ലാ സ്ഥാപനങ്ങളുടെയും നിർവ്വഹണ ഉദ്യോഗസ്ഥരായി പ്രവർത്തിക്കണം.

(ii) സർക്കാർ കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകളുടെയും (GCI) സർക്കാർ ഫാഷൻ ഡിസൈനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളുടെയും (GIFD) വികസന പ്രവർത്തനങ്ങൾക്കായി നിർവ്വഹണ ഉദ്യോഗസ്ഥർ എന്ന നിലയ്ക്ക് ഗവ.കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട് സൂപ്രണ്ട് രൂപം നല്കുന്ന പ്രോജക്ടുകളുടെ വെറ്റിംഗ് ഓഫീസർമാരായി സാങ്കേതിക വിദ്യാഭ്യാസവകുപ്പ് റീജിയണൽ ജോയിന്റ് ഡയറക്ടർമാരെ നിശ്ചയിക്കുന്നു. ഓരോ റീജിയനും കീഴിലുള്ള ജില്ലകളിലെ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ ബന്ധപ്പെട്ട ജോയിന്റ് ഡയറക്ടർമാർ വെറ്റ് ചെയ്യണം [സാങ്കേതിക വിദ്യാഭ്യാസവകുപ്പ് ഡയറക്ടറേറ്റിലെ സീനിയർ ജോയിന്റ് ഡയറക്ടർ (പി.എസ്. തിരുവനന്തപുരം), റീജിയണൽ ജോയിന്റ് ഡയറക്ടർ (ഇ.സി.എസ്,

കോതമംഗലം), റീജിയണൽ ജോയിന്റ് ഡയറക്ടർ (പി.എസ്, കോഴിക്കോട്)]. സർക്കാർ കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകളുടെ വികസന പ്രവർത്തനങ്ങൾക്കായി രൂപം നല്കുന്ന പ്രോജക്ടുകളുടെ വെറ്റിംഗ് ഓഫീസർമാരായി പോളിടെക്നിക്ക് പ്രിൻസിപ്പൽമാരെ നിയോഗിച്ചുകൊണ്ടുള്ള 22.01.2024-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം ഈ രീതിയിൽ ഭേദഗതി ചെയ്യുന്നു.

(iii) കാസറഗോഡ് ജില്ലയിൽ കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ നിലവിലില്ലാത്തതിനാൽ ജില്ലയിലെ സർക്കാർ ഫാഷൻ ഡിസൈനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളുടെ (GIFD) വികസന പ്രവർത്തനങ്ങൾക്കായി കാസറഗോഡ് ജില്ലാ പഞ്ചായത്ത് ഏറ്റെടുക്കുന്ന പ്രോജക്ടുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥനായി ജില്ലാ പഞ്ചായത്ത് സെക്രട്ടറിയെ നിയമിക്കേണ്ടതാണ്. പ്രസ്തുത പ്രോജക്ടുകളുടെ വെറ്റിംഗ് ഓഫീസറായി സാങ്കേതിക വിദ്യാഭ്യാസ ജോയിന്റ് ഡയറക്ടറെ (പി.എസ്, കോഴിക്കോട്) നിയമിക്കേണ്ടതാണ്.

(iv) ഓരോ ജില്ലയിലേയും സർക്കാർ ഫാഷൻ ഡിസൈനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളുടെ (GIFD) വികസന പ്രവർത്തനങ്ങൾക്കുള്ള പ്രോജക്ടുകൾക്ക് രൂപം നല്കുന്നതിനും നിർവ്വഹണ ഏകോപനം ഉറപ്പാക്കുന്നതിനും ആവശ്യമായ സഹായം നിർവ്വഹണ ഉദ്യോഗസ്ഥയായ ഗവ.കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട് സൂപ്രണ്ടിന് തിരുവനന്തപുരം, കോതമംഗലം, കോഴിക്കോട് ജോയിന്റ് ഡയറക്ടർ ഓഫീസുകളിലെ ഇൻസ്പെക്ടർ ഓഫ് ഇൻഡസ്ട്രിയൽ സ്കൂൾസ് (IIS) നല്കേണ്ടതാണ്.

2) ഇപ്രകാരം ചുമതല നിശ്ചയിച്ച് നൽകികൊണ്ട് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്. ക്രമനമ്പർ (iii)ൽ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയെ നിർവ്വഹണ ഉദ്യോഗസ്ഥനായി നിയമിച്ചുകൊണ്ട് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ഉത്തരവിറക്കേണ്ടതാണ്. ഇപ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നതനുസരിച്ച് ആവശ്യമായ ക്രമീകരണം ചെയ്യാൻ ഐ.കെ.എം.നെ ചുമതലപ്പെടുത്തുന്നു. ഒപ്പം ഇതിന്മേൽ കോഓർഡിനേഷൻ കമ്മിറ്റിയുടെ 22.01.2024-ലെ യോഗത്തിൽ ഖണ്ഡിക 4.81 പ്രകാരമെടുത്ത തീരുമാനം റദ്ദു ചെയ്യുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്<br>2) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം<br>3) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്<br>4) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.16 <u>കുടുംബശ്രീ</u>**

കുടുംബശ്രീ മിഷൻ എക്സിക്യൂട്ടീവ് ഓഫീസറുടെ 02.02.2026-ലെ 6781/D/2018/ KSH നമ്പർ കത്തും തൃശ്ശൂർ കുടുംബശ്രീ മിഷൻ ജില്ലാ കോഓർഡിനേറ്ററുടെ 08.01.2026-ലെ 709/C/H/KS/TSR നമ്പർ കത്തും അനുബന്ധ രേഖകളും (SRG/65/26)

വിഷയം - കൈപ്പമംഗലം ഗ്രാമപഞ്ചായത്തിലെ സ്പാർക്കിൾ ടെക്നോളജി യൂണിറ്റ് നിർമ്മിക്കുന്ന ബൾബുകൾ ടെണ്ടർ കൂടാതെ വാങ്ങുന്നതിനും ഈ യൂണിറ്റിനെ സ്ട്രീറ്റ് ലൈറ്റ് റിപ്പയറിംഗ് വർക്കുകൾ ടെണ്ടർ കൂടാതെ ഏല്പിക്കുന്നതിനും അനുമതി സംബന്ധിച്ച്

തൃശ്ശൂർ ജില്ലയിലെ കൈപ്പമംഗലം ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ യൂണിറ്റായ സ്പാർക്കിൾ ടെക്നോളജി LED ബൾബ് നിർമ്മിക്കുന്നുണ്ട്. ഒപ്പം ഈ യൂണിറ്റ് സ്ട്രീറ്റ് ലൈറ്റ്

റിപ്പയറിംഗ് പ്രവൃത്തികളും നടത്തുന്നുണ്ട്. ഈ യൂണിറ്റ് നിർമ്മിക്കുന്ന LED ലൈറ്റിന്റെ ഗുണനിലവാരം തൃപ്തികരമാണെന്ന് തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജിലെ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് വിഭാഗം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സ്പാർക്കിൾ ടെക്നോളജി എന്ന കുടുംബശ്രീ യൂണിറ്റ് ഉല്പാദിപ്പിക്കുന്ന LED ലൈറ്റുകൾ ടെണ്ടർ കൂടാതെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വാങ്ങാൻ അനുമതി നൽകണമെന്നും സ്പാർക്കിൾ ടെക്നോളജി ഗ്രൂപ്പിനെ ടെണ്ടർ കൂടാതെ തെരുവുവിളക്കുകളുടെ റിപ്പയറിംഗ് ഏൽപ്പിക്കാൻ അനുമതി നൽകണമെന്നതും സംബന്ധിച്ച്.

തീരുമാനം :- സർക്കാരിന്റെ 24.06.2025-ലെ 1574/2025/തസ്വഭവ ഉത്തരവിൽ പറയുന്നപോലെ LED ലൈറ്റിന്റെ ഗുണനിലവാരം സംബന്ധിച്ച് ഓരോ രണ്ടു വർഷം കൂടുമ്പോഴും സർക്കാർ എഞ്ചിനിയറിംഗ് കോളേജിലെ ഇലക്ട്രിക്കൽ വിഭാഗത്തിന്റെയോ ഈ മേഖലയിൽ സാങ്കേതിക വൈദഗ്ധ്യമുള്ള മറ്റു സർക്കാർ സ്ഥാപനങ്ങളുടെയോ സാക്ഷ്യപത്രം വാങ്ങേണ്ടതാണെന്നുള്ള നിബന്ധനയോടെ സ്പാർക്കിൾ ടെക്നോളജി യൂണിറ്റ് നിർമ്മിക്കുന്ന LED ബൾബുകൾ ടെണ്ടർ കൂടാതെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വാങ്ങാൻ അനുമതി നൽകുന്നു. സ്ട്രീറ്റ് ലൈറ്റ് റിപ്പയറിംഗിന് ലൈസൻസ് അടക്കമുള്ള നിബന്ധനകളും സർക്കാർ നിർദ്ദേശിക്കുന്ന നിരക്കും ബാധകമാക്കണമെന്ന നിബന്ധനയോടെ തെരുവുവിളക്കുകളുടെ റിപ്പയറിംഗ് ഈ യൂണിറ്റിനെ ടെണ്ടർ കൂടാതെ ഏല്പിക്കാനും അനുമതി നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

## 4.17 വാഴൂർ ബ്ലോക്ക് പഞ്ചായത്ത്

ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 03.02.2026-ലെ കത്തും വാഴൂർ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 16.01.2026-ലെ 3(1)-ാം നമ്പർ തീരുമാനവും (SRG/73/26)

വിഷയം - കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിൽ HMC ചെയർപേഴ്സൺന് ഓഫീസ് മുറി അനുവദിച്ച് നൽകണമെന്നതു സംബന്ധിച്ച്

വാഴൂർ ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ളതാണ് കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രി. കാത്ത് ലാബ് അടക്കം മികച്ച സൗകര്യമുള്ള ഈ ആശുപത്രിയിൽ ബ്ലോക്ക് പഞ്ചായത്ത് നല്ല രീതിയിൽ വിഹിതം ചെലവഴിക്കുന്നുണ്ട്. ആശുപത്രിയുടെ HMC ചെയർപേഴ്സൺ വാഴൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റാണ്. ഈ ആശുപത്രിയിൽ HMC ചെയർപേഴ്സണിന് ഇരിപ്പിട സൗകര്യമില്ല. HMC ചെയർപേഴ്സൺ എന്ന നിലയിൽ ഉത്തവാദിത്വങ്ങൾ ഫലപ്രദമായി നിർവ്വഹിക്കുന്നതിന് ആശുപത്രി കോമ്പൗണ്ടിൽ ചെറിയ രീതിയിൽ HMC ചെയർപേഴ്സണിന് ഒരു ഓഫീസ് മുറി അനുവദിച്ചു നൽകണമെന്നതു സംബന്ധിച്ച്.

തീരുമാനം :- ഇത് പിന്നീട് പരിഗണിക്കാൻ മാറ്റി വച്ചു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

## 4.18 കോട്ടയ്ക്കൽ മുനിസിപ്പാലിറ്റി

കോട്ടയ്ക്കൽ നഗരസഭാ ചെയർപേഴ്സന്റെ 31.01.2026-ലെ 1185561/24 -ാം നമ്പർ കത്ത് (SRG/86/25)

വിഷയം - ഡയാലിസിസ് രോഗികൾക്ക് നൽകാവുന്ന ധനസഹായം വർദ്ധിപ്പിക്കണമെന്നതു സംബന്ധിച്ച്

പതിമൂന്നാം പഞ്ചവൽസര പദ്ധതി സബ്സിഡി ധനസഹായ മാർഗ്ഗരേഖ പ്രകാരം ഡയാലിസിസ് രോഗികൾക്ക് ആഴ്ചയിൽ 1000 രൂപ ക്രമത്തിൽ ഒരു മാസം 4000 രൂപ ഡയാലിസിസ് ചെയ്യുന്ന ആശുപത്രിക്ക് നൽകാൻ അനുമതിയുണ്ട്. ചങ്കുവെട്ടിയിലുള്ള അൽമാസ ആശുപത്രിയുമായി ചേർന്ന് വൃക്ക രോഗികൾക്ക് ഡയാലിസിസ് ചെയ്യുന്ന പദ്ധതിയിൽ അൽമാസ ആശുപത്രി 40 ശതമാനവും നഗരസഭ 40 ശതമാനവും 20 ശതമാനം തുക പൊതുജനങ്ങളിൽ നിന്ന് സമാഹരിച്ചും പദ്ധതി നടപ്പാക്കാൻ 01.03.2016-ലെ 957/2016/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. ഇതനുസരിച്ച് ഒരു ഡയാലിസിസിന് നഗരസഭാ വിഹിതമായി 400 രൂപയാണ് നൽകിയിരുന്നത്. ഡയാലിസിസ് ചെയ്യുന്നതിന്റെ ചെലവ് കൂടുതലാണ് എന്നറിയിച്ചുകൊണ്ട് നഗരസഭയിൽ നിന്നും ഒരു ഡയാലിസിസിന് 1500 രൂപ ക്രമത്തിൽ നൽകാൻ അനുമതി സംബന്ധിച്ച്. ഒപ്പം വൃക്ക മാറ്റി വച്ച രോഗികൾക്ക് സൗജന്യമായി മരുന്ന് നൽകാനും അനുമതി നൽകണമെന്നതു സംബന്ധിച്ച്.

തീരുമാനം :-

1) ഡയാലിസിസിന് നിരക്ക് വർദ്ധിപ്പിക്കുന്നത് മാർഗ്ഗരേഖ പരിഷ്കരിക്കുന്ന സമയത്ത് പരിഗണിക്കുന്നതാണ്.
2) മാരക രോഗങ്ങൾക്ക് സർക്കാർ ഡോക്ടർമാർ നിർദ്ദേശിക്കുന്ന മരുന്നുകൾ ബന്ധപ്പെട്ട ആശുപത്രി മുഖേന രോഗികൾക്ക് നൽകാൻ മാർഗ്ഗരേഖ പ്രകാരം അനുമതിയുണ്ട്. അവയവം മാറ്റി വച്ചവർക്ക് മരുന്ന് വാങ്ങി നൽകുന്നതിന് ഈ സാധ്യത ഉപയോഗപ്പെടുത്താവുന്നതാണെന്നറിയിക്കുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

## 4.19 <u>കേരള സ്റ്റേറ്റ് ഡെവലപ്മെന്റ് ആന്റ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (K-DISC)</u>

കേരള സ്റ്റേറ്റ് ഡെവലപ്മെന്റ് ആന്റ് ഇന്നോവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (K-DISC) മെമ്പർ സെക്രട്ടറിയുടെ 05.02.2026-ലെ 1022/2025/K-DISC-ാം നമ്പർ കത്ത് (SRG/81/26)

വിഷയം ബ്ലോക്ക്/മുനിസിപ്പൽതല ഇന്നൊവേഷൻ ക്ലസ്റ്ററുകൾ രൂപീകരിക്കുന്നതിന് അനുമതി സംബന്ധിച്ച്

സർക്കാരിന്റെ 11.08.2021-ലെ 8/2021/Plg & EA (Innovation) നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ എല്ലാ ജില്ലകളിലും District Innovation Council രൂപീകരിച്ചിട്ടുണ്ട്. ഇതേപോലെ എല്ലാ ബ്ലോക്ക്/മുനിസിപ്പൽ തലത്തിലും ഇന്നൊവേഷൻ ക്ലസ്റ്ററുകൾ രൂപീകരിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്. ഒപ്പം ഇന്നൊവേഷൻ ക്ലസ്റ്ററുകളുടെ പ്രവർത്തനം ഏകീകരിക്കുന്നതിനായി ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ തയ്യാറാക്കി നൽകാൻ K-Disc നെ ചുമതലപ്പെടുത്തണമെന്നും ഇന്നൊവേഷൻ ക്ലസ്റ്ററുകളുടെ പ്രവർത്തനത്തിന്റെ ഭാഗമായി K-Disc രൂപീകരിക്കുന്ന ഇന്നൊവേഷൻ ഫെല്ലോ സംവിധാനത്തിന് അനുമതി നൽകണമെന്നുമുള്ള ആവശ്യം സംബന്ധിച്ച്

നിർദ്ദിഷ്ട ബ്ലോക്ക്/മുനിസിപ്പൽ ഇന്നൊവേഷൻ ക്ലസ്റ്ററുകളുടെ ഘടന താഴെപ്പറയും പ്രകാരമാണ്.

| | | | |
|---|---|---|---|
| 1) | ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/ മുനിസിപ്പൽ ചെയർപേഴ്സൺ | : | ചെയർപേഴ്സൺ |
| 2) | ഒരു അക്കാദമിക് വിദഗ്ധൻ | : | വൈസ് ചെയർപേഴ്സൺ |
| 3) | ബ്ലോക്ക് പഞ്ചായത്ത്/മുനിസിപ്പൽ സെക്രട്ടറി | : | കൺവീനർ |
| 4) | ആസൂത്രണസമിതി വൈസ് ചെയർപേഴ്സൺ | : | വർക്കിംഗ് ചെയർപേഴ്സൺ |
| 5) | GEO/ ജോയിന്റ് BDO/ നിർവ്വഹണ ഉദ്യോഗസ്ഥൻ | : | കോ കൺവീനർ |
| 6) | എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളും, നിർവ്വഹണ ഉദ്യോഗസ്ഥരും, അക്കാദമിക് വിദഗ്ധരും, CoP (Community of Practice) അംഗങ്ങളും, കില റിസോഴ്സ് പേഴ്സൺമാരും, ഇന്നൊവേഷൻ ഫെല്ലോമാരും | : | അംഗങ്ങൾ |

തീരുമാനം :- (1) പ്രാദേശിക സാമ്പത്തിക വികസനം സംബന്ധിച്ച് 04.01.2023-ലെ 3/2023/തസ്വഭവ നമ്പർ ഉത്തരവിൽ വിഭാവനം ചെയ്തിരിക്കുന്ന കാര്യങ്ങളുമായി ബ്ലോക്ക് പഞ്ചായത്ത്, മുനിസിപ്പൽതല ഇന്നവേഷൻ ക്ലസ്റ്ററുകളുടെ പ്രവർത്തനം ഏകോപിപ്പിക്കേണ്ടതാണ് എന്ന് നിർദ്ദേശിക്കുന്നു.

(2) ജില്ലാതല ഇന്നൊവേഷൻ കൗൺസിൽ രൂപീകരിച്ചുകൊണ്ട് ആസൂത്രണ സാമ്പത്തികകാര്യ വകുപ്പാണ് ഉത്തരവിറക്കിയത്. ഈ സാഹചര്യത്തിൽ മുകളിൽ പറഞ്ഞ ആവശ്യത്തിന്മേൽ ആസൂത്രണ വകുപ്പിൽ നിന്ന് ഉത്തരവിറക്കാൻ കോഓർഡിനേഷൻ കമ്മിറ്റിയുടെ ശുപാർശ നൽകുന്നു.

(3) ഇന്നൊവേഷൻ ഫെലോ സംവിധാനം രൂപീകരിക്കുന്നതിനും SOP തയ്യാറാക്കുന്നതിനും അനുമതി നൽകുന്നു.

(4) മുകളിൽ പറഞ്ഞ കമ്മിറ്റിയിലെ സർക്കാർ ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ അല്ലാത്ത വിദഗ്ധരടക്കമുള്ളവർക്ക് റ്റി.എ അതത് ബ്ലോക്ക് പഞ്ചായത്ത്/മുനിസിപ്പാലിറ്റിയിൽ നിന്നും നൽകാവുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

## 4.20 അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത് - ശ്രീ.സന്തോഷ് പൊക്കൽ വിളാകം, അഞ്ചുതെങ്ങ്

നിയമസഭാ സെക്രട്ടറിയുടെ 02.12.2024-ലെ 19575/FWC3/2023/ലെ ജി നമ്പർ കത്തും ശ്രീ.സന്തോഷ് പൊക്കൽ വിളാകം, അഞ്ചുതെങ്ങ്-ന്റെ 24.11.2023-ലെ കത്തും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 26.05.2025-ലെ LSGD/PD/8140/2025 - EMP3 നമ്പർ കത്തും (SRG/1054/25 )

വിഷയം :- അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിൽ താമസിക്കുന്ന ശ്രീ.സന്തോഷ്, പൊക്കൽ വിളാകം എന്ന വ്യക്തിക്ക് ഭവനം നിർമ്മിച്ചു നൽകുന്നത് സംബന്ധിച്ച്

ശ്രീ.സന്തോഷ്, പൊക്കൽ വിളാകം, അഞ്ചുതെങ്ങ് എന്ന വ്യക്തി പക്ഷാഘാതം മൂലം 5 വർഷമായി കിടപ്പിലാണ്. സ്വന്തമായി വീടില്ലാത്തതിനാൽ ഭാര്യയും 3 മക്കളും അടങ്ങുന്ന കുടുംബം ബന്ധു വീട്ടിലാണ് താമസിക്കുന്നത്. ഈ കുടുംബത്തിന്റെ സ്ഥിതി ശോചനീയമാണ്. പുനർഗേഹം പദ്ധതിയുടെ DLAC ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നുവെങ്കിലും തീരദേശ പ്രദേശത്ത് ഭൂമിയോ ഭവനമോ ഇല്ലാത്തതിനാൽ പദ്ധതിയുടെ ആനുകൂല്യം നൽകാൻ കഴിയില്ല എന്ന് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ലൈഫ് പദ്ധതിയിലും വീട് അനുവദിക്കാൻ കഴിയുന്നില്ല. വീട് അനുവദിക്കണമെന്ന് ശ്രീ.സന്തോഷ് മത്സ്യതൊഴിലാളികളുടെയും അനുബന്ധ തൊഴിലാളി കളുടെയും ക്ഷേമം സംബന്ധിച്ച നിയമസഭാ സമിതിക്ക് അപേക്ഷ നൽകിയിട്ടുണ്ട്. പ്രത്യേക പരിഗണന നൽകി വീട് അനുവദിക്കാൻ നടപടി സ്വീകരിക്കണമെന്ന് നിയമസഭാ സമിതി ശുപാർശ ചെയ്തിട്ടുണ്ടെന്ന് നിയമസഭാ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ഇതനുസരിച്ച് ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി വീട് അനുവദിക്കണമെന്ന ആവശ്യം സംബന്ധിച്ച്.

തീരുമാനം :- പക്ഷാഘാതം പിടിപെട്ട് അഞ്ചുവർഷമായി കിടപ്പിലായ സന്തോഷും കുടുംബവും ബന്ധുവീട്ടിലാണ് താമസിക്കുന്നത് എന്നത് പരിഗണിച്ച് യോഗത്തിൽ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ അനുമതി നൽകുന്നു. ഈ കുടുംബത്തിന് സ്ഥലമില്ലെന്ന് വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

## 4.21 പന്തളം ബ്ലോക്ക് പഞ്ചായത്ത്

പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09.10.2025-ലെ കത്തും ബ്ലോക്ക് പഞ്ചായത്ത് ഭരണസമിയുടെ 29.09.2025-ലെ 2(1)-ാം നമ്പർ തീരുമാനവും (SRG/996/25 - SRG/952 - CC/510/2025 )

വിഷയം :- ശ്രീ. ആർ. രാഘവൻ, തിരുവമ്പാടി മേലേതിൽ കുളനട എന്ന വ്യക്തിയുടെ വീടിനോടു ചേർന്നുള്ള സംരക്ഷണഭിത്തി നിർമ്മിക്കാൻ അനുമതി സംബന്ധിച്ച്

പന്തളം ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ കുളനട ഗ്രാമപഞ്ചായത്തിൽ അഞ്ചാം വാർഡിൽ പൈവഴി നെടിയകാല റോഡിനോട് ചേർന്ന് താമസിക്കുന്ന ശ്രീ. ആർ. രാഘവൻ, തിരുവമ്പാടി മേലേതിൽ എന്ന വ്യക്തിയുടെ റോഡിനോട് ചേർന്നുള്ള വീടിന്റെ സംരക്ഷണ ഭിത്തി 13.05.2024-ലെ ശക്തമായ മഴയിൽ ഇടിഞ്ഞു വീണു. കുളനട ഗ്രാമപഞ്ചായത്ത് 2009-10-ൽ നിർമ്മിച്ച നൽകിയതാണ് ഈ സംരക്ഷണഭിത്തി. ഈ കുടുംബത്തിന്റെ വീട് അപകടാവസ്ഥയിൽ ആയതിനാൽ റവന്യൂവകുപ്പ് ഈ കുടുംബത്തെ മാറ്റി താമസിപ്പിച്ചിരിക്കുകയാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ടതാണ് ഈ കുടുംബം. ഈ വീട് സംരക്ഷിക്കുന്നതിന് അടിയന്തിരമായി സംരക്ഷണഭിത്തി പുനർ നിർമ്മിച്ച നൽകണമെന്ന് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. സംരക്ഷണഭിത്തി പുനർ നിർമ്മിക്കുന്നതിന് ബ്ലോക്ക് അസിസ്റ്റന്റ് എഞ്ചിനീയറുടെ എസ്റ്റിമേറ്റ് പ്രകാരം 4.50 ലക്ഷം രൂപ വേണം. കുളനട ഗ്രാമപഞ്ചായത്തിനു എസ്.സി.പി. ഫണ്ട് കുറവായതിനാൽ സംരക്ഷണഭിത്തി നിർമ്മിച്ച നൽകണമെന്ന് ഗ്രാമപഞ്ചായത്ത് ബ്ലോക്ക് പഞ്ചായത്തിനോട് കമ്മിറ്റി തീരുമാനത്തിലൂടെ ആവശ്യപ്പെട്ടിട്ടുണ്ട്. കുളനട ഗ്രാമപഞ്ചായത്ത് 1.00 ലക്ഷം രൂപ എസ്.സി.പി. വിഹിതമായും (പ്രോ.നം. 287/26) ബ്ലോക്ക് പഞ്ചായത്ത് 4.00 ലക്ഷം രൂപ എസ്. സി.പി. വിഹിതമായും പ്രോജക്ടുകൾ എടുത്തിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് ശ്രീ. രാഘവൻ എന്ന വ്യക്തിയുടെ ഭവനത്തിന്റെ സംരക്ഷണ ഭിത്തി നിർമ്മിക്കാൻ അനുമതി സബന്ധിച്ച്.

തീരുമാനം :- വീട് അപകടാവസ്ഥയിലാണ് എന്നതും ജില്ലാ കളക്ടർ ശുപാർശ ചെയ്തിട്ടുണ്ട് എന്നതും പരിഗണിച്ച് അനുമതി നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

## 4. 22 നാവായിക്കുളം ഗ്രാമപഞ്ചായത്ത്

തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 29.12.2025-ലെ കത്തും ശ്രീമതി. ഫൗസിയ A.L. ഷാജി നിവാസ്, നാവായിക്കുളത്തിന്റെ 04.11.2025, 26.04.2025 എന്നീ തീയതികളിലെ കത്തുകളും (2 എണ്ണം) ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 07.08.2025-ലെ കത്തും (SRG/1035/25 - CC/415/25)

വിഷയം:- ശ്രീമതി. ഫൗസിയ A.L ഫാർമസിസ്റ്റായി ഗ്രാമപഞ്ചായത്ത് PHC യിൽ ജോലി ചെയ്തതിന്റെ കുടിശ്ശികയായ വേതനം നൽകണമെന്നതു സംബന്ധിച്ച്

ശ്രീമതി. ഫൗസിയ A.L നാവായിക്കുളം പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ 04.03.2023 മുതൽ 05.03.2025 വരെ ഫാർമസിസ്റ്റായി കരാറടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്നു. PHCയിൽ ഒരു ഡോക്ടറെയും ഒരു പാരാമെഡിക്കൽ സ്റ്റാഫിനെയുമാണ് നിയമിക്കാവുന്നത്. ഇതിനു പുറമെയാണ് ഫാർമസിസ്റ്റിനെ നിയമിച്ചിരുന്നത്. അതിനാൽ 2024-25 വർഷം ഫാർമസിസ്റ്റിനെ നിയമിക്കാനുള്ള പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതി അനുമതി നൽകിയില്ല. പ്രത്യേക അനുമതി സർക്കാരിൽ നിന്ന് ലഭിക്കാത്തതിനാൽ ഏപ്രിൽ 2024 മുതൽ സെപ്റ്റംബർ 2024 വരെ (6 മാസം) ഇവർക്ക്

വേതനം നൽകിയില്ല. എന്നാൽ സെപ്റ്റംബർ 2024 മുതൽ 2025 മാർച്ച് വരെ HMC യിൽ നിന്ന് വേതനം നൽകി. 2024 ഏപ്രിൽ മുതൽ 2024 സെപ്റ്റംബർ വരെയുള്ള വേതനം(1,47,120 രൂപ) നൽകണമെന്നതു സംബന്ധിച്ച്.

തീരുമാനം :- ഈ വ്യക്തിയുടെ സേവനം PHC യിൽ ഉപയോഗിച്ച സാഹചര്യത്തിൽ 2024 ഏപ്രിൽ മുതൽ 2024 സെപ്റ്റംബർ വരെയുള്ള 6 മാസത്തെ വേതനം നൽകാൻ അനുമതി നൽകുന്നു. ഈ തുക HMC യിൽ നിന്നു നൽകണമെന്നും HMC യിൽ ഫണ്ട് ഇല്ലാതെ വന്നാൽ തനത് ഫണ്ടിൽ നിന്നും നൽകാവുന്നതാണെന്നും നിർദ്ദേശിക്കുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

**4. 23 <u>കല്ലുപ്പാറ ഗ്രാമപഞ്ചായത്ത്</u>**

കല്ലുപ്പാറ ഗ്രാമപഞ്ചായത്ത് 7-ാം വാർഡ് മെമ്പറുടെ (മുൻ മെമ്പർ) 13.08.2025-ലെ കത്തും അനുബന്ധരേഖകളും (SRG/753/2025 )

വിഷയം:- പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ വീടിന് സംരക്ഷണഭിത്തി നിർമ്മിക്കുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| പ്രോ.നം. 174 /26 | അടങ്കൽ | 5,75,200 രൂപ (എസ്.സി.പി) |
| പേര് | കുഴിപ്പലത്തുമല എസ്.സി. നഗറിൽ സംരക്ഷണഭിത്തി നിർമ്മാണം. | |

കല്ലുപ്പാറ ഗ്രാമപഞ്ചായത്തിൽ ഏഴാം വാർഡിൽ കുഴിപ്പാലത്തു മലയിൽ എന്ന പ്രദേശത്ത് ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിച്ച വീടുകളിൽ 9 പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്നുണ്ട്. ഈ വാർഡ് പട്ടികജാതി വിഭാഗത്തിന് സംവരണം ചെയ്തതാണ് (മുൻ ഭരണസമിതിയുടെ കാലത്ത്). ചെങ്കുത്തായ പ്രദേശമായതിനാൽ മണ്ണു നീക്കം ചെയ്താണ് വീട് നിർമ്മിച്ചത്. വീടുകൾക്ക് സംരക്ഷണഭിത്തി നിർമ്മിച്ചിട്ടില്ലാത്തതിനാൽ മൺതിട്ടകൾ ഇടിഞ്ഞു വീഴുന്ന അവസ്ഥയിലാണ്. പട്ടികജാതി വികസന വകുപ്പിനടക്കം കത്ത് നൽകിയെങ്കിലും വീട് സംരക്ഷണത്തിന് സഹായം ലഭിച്ചില്ല. തുടർന്ന് ഗ്രാമപഞ്ചായത്ത് വീട് സംരക്ഷണത്തിന് വിഹിതം വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഇതിന് ഫീസിബിലിറ്റി സർട്ടിഫിക്കറ്റും ലഭിച്ചു. അസിസ്റ്റന്റ് എഞ്ചിനീയറാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ. എന്നാൽ പ്രോജക്ടിൽ പറയുന്ന മണ്ണു സംരക്ഷണ പ്രവൃത്തികൾ പൊതു സൗകര്യത്തിനു വേണ്ടിയുള്ളതാണെന്ന സർട്ടിഫിക്കറ്റ് പട്ടികജാതി വികസന ഓഫീസർ നൽകണമെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ/അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ആവശ്യപ്പെട്ടിരിക്കുന്നു. ഇപ്രകാരം സർട്ടിഫിക്കറ്റ് ആവശ്യമില്ല എന്ന് ജില്ലാ പട്ടികജാതി വികസന ഓഫീസർ അറിയിച്ചിട്ടുണ്ട്. മുകളിൽ പറഞ്ഞ കുടുംബങ്ങളുടെ വീടുകൾക്ക് സംരക്ഷണ ഭിത്തി നിർമ്മിക്കാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :- ഇതിന്റെ പ്രയോജനം രണ്ടു വീട്ടുകാർക്കുമാത്രമാണ് ലഭിക്കുന്നതെന്നും പ്രദേശത്തെ താഴെ താമസിക്കുന്ന വ്യക്തി മണ്ണെടുത്തതുകൊണ്ടാണ് സംരക്ഷണഭിത്തിയുടെ ആവശ്യകത വന്നതെന്നും തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ യോഗത്തിൽ അറിയിച്ചു. ഈ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് വിഹിതം ഇതിനായി ഉപയോഗിക്കാവുന്നതല്ല എന്നും നിർദ്ദേശിക്കുന്നു. ആവശ്യം നിരസിച്ചു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4. 24 <u>പത്തനംതിട്ട ജില്ലാ പഞ്ചായത്ത്</u>**

പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.08.2025-ലെ കത്തും പത്തനംതിട്ട ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 07.08.2025-ലെ 1(4) -ാം നമ്പർ തീരുമാനവും SRG/814/25-CC/441/25)

വിഷയം:- ആറന്മുള വഞ്ചിപ്പാട്ട് കളരിക്ക് ധനസഹായം നൽകാനുള്ള പ്രോജക്ടിന് അനുമതി സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 798/25 | അടങ്കൽ | 1,50,000 രൂപ (തനത് ഫണ്ട്) |
| പേര് | ആറന്മുള വഞ്ചിപ്പാട്ട് കളരിക്ക് ധനസഹായം | |

പത്തനംതിട്ട ജില്ലയിലെ പൈതൃകോത്സവമായ ആറന്മുള ഉതൃട്ടാതി വള്ളംകളിയോടനുബന്ധിച്ചുള്ള വഞ്ചിപ്പാട്ട് കളരിക്ക് ധനസഹായം നൽകാനുള്ള പ്രോജക്ടിന് അനുമതി സംബന്ധിച്ച്.

തീരുമാനം :- അനുമതി നൽകുന്നു

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ് |

**4. 25 <u>വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത്</u>**

ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.09.2025-ലെ കത്തും വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 08.08.2025-ലെ 1(4) -ാം നമ്പർ തീരുമാനവും (SRG/911/25 – CC/467/2025)

വിഷയം:- വനിതകൾക്ക് ഡ്രൈവിംഗ് പരിശീലനം നൽകാനുള്ള പ്രോജക്ടിന് അനുമതി സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 195/26 | അടങ്കൽ | 5,00,000 രൂപ (വികസനഫണ്ട് ) |
| പേര് | വനിതകൾക്ക് ഡ്രൈവിംഗ് പരിശീലനം | |

വനിതകൾക്ക് ഡ്രൈവിംഗ് പരിശീലനം നൽകുന്നതിനുള്ള പ്രോജക്ട് 2024-25 വർഷം ഏറ്റെടുത്തിരുന്നു. 2025-26 ൽ ഈ പ്രോജക്ട് സ്പിൽ ഓവറായി തുടരുന്നുണ്ട്. 12 പേർക്ക് പരിശീലനം നൽകി വരുന്നു. പരിശീലനം പൂർത്തിയാക്കിയവർക്ക് ഷീ ടാക്സി (ഓട്ടോറിക്ഷ) നൽകുന്നതിന് ഈ വർഷം 12.00 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട് (പ്രോ.നം. 83/26). ഈ പ്രോജക്ടിന്റെ നിർവ്വഹണ ഉദ്യോഗസ്ഥനായ VEO ട്രാൻസ്ഫർ ആയപ്പോൾ പുതുതായി വന്ന VEO ഇതു നടപ്പാക്കാവുന്നതല്ലെന്നും ഇതിന്റെ നിർവ്വഹണ ഉദ്യോഗസ്ഥൻ ഐ.സി.ഡി.എസ് സൂപ്പർവൈസറാണ് ആകേണ്ടതെന്നും അറിയിച്ചിട്ടുണ്ട്. സ്പിൽ ഓവറായി തുടരുന്ന ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :-

1) തൊഴിൽ നൽകുന്ന രീതിയിലാണ് പ്രോജക്ട് തയ്യാറാക്കി നിർവ്വഹണം (പരിശീലനം) നടത്തുന്നത് എന്നതിനാൽ പ്രോജക്ട് തുടരാവുന്നതാണെന്നും ഷീ ടാക്സി പ്രോജക്ട് ഒഴിവാക്കരുതെന്നും പരിശീലനം ലഭിച്ചവർക്ക് ഓട്ടോ നൽകുന്നതിന് മുൻഗണന നൽകണമെന്നുമുള്ള നിർദ്ദേശത്തോടെ അനുമതി നൽകുന്നു.
2) തൊഴിൽ നൽകുന്ന രീതിയിൽ പരിശീലനം നൽകുന്ന ഒരു പ്രോജക്ടിന്റെ നിർവ്വഹണ ഘട്ടത്തിൽ പുതുതായി വന്ന വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥൻ ഐ.സി.ഡി.എസ് സൂപ്പർവൈസർ ആകണമെന്നും ഇപ്രകാരം പരിശീലനം നൽകാവുന്നതല്ല എന്നു ചൂണ്ടിക്കാണിച്ച് പ്രോജക്ട് നിർവ്വഹണം തടസ്സപ്പെടുത്തിയതും വീഴ്ചയാണ്. ഇത്തരം പ്രവണത നിരുത്സാഹപ്പെടുത്തേണ്ടതാണ് എന്നതിനാൽ വി.ഇ.ഒ യുടെ പേരിൽ ഉചിതമായ നടപടി സ്വീകരിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തി.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) പ്രൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്<br>2)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4. 26 <u>കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത്</u>**

കോഴിക്കോട് ജില്ലാപ്ലാനിംഗ് ഓഫീസറുടെ 19.09.2025-ലെ കത്ത് (SRG/925/25 – CC/487/2025)

വിഷയം:- ടി.ബി. രോഗികൾക്ക് പോഷകാഹാര കിറ്റ് നൽകുന്ന പ്രോജക്ടിന് സാധൂകരണം സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 51/26 | അടങ്കൽ | 3,00,000 രൂപ (വികസനഫണ്ട് - ജനറൽ) |
| പേര് | സുസ്ഥിര ആരോഗ്യ പദ്ധതി | |

കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത് 2018-19 മുതൽ ക്ഷയ രോഗികൾക്ക് പോഷകാഹാര കിറ്റ് നൽകുന്നുണ്ട്. മുൻപ് ഇതിന്റെ നിർവ്വഹണ ഉദ്യോഗസ്ഥൻ മെഡിക്കൽ ഓഫീസറായിരുന്നു. ഈ വർഷമെടുത്ത പ്രോജക്ടിന്റെ നിർവ്വഹണ ഉദ്യോഗസ്ഥൻ അസിസ്റ്റന്റ് സെക്രട്ടറിയാണ്. 06.03.2025-ലെ 623/2025/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ക്ഷയരോഗികൾക്ക് പോഷകാഹാരം നൽകുന്ന പ്രോജക്ട് ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കുമാണ് ഏറ്റെടുക്കാവുന്നത്. അതിനാൽ ജില്ലാ മെഡിക്കൽ ഓഫീസർ പ്രോജക്ട് വെറ്റ ചെയ്തില്ല. ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ ഗ്രാമപഞ്ചായത്തുകൾ ഇതിനായി പ്രോജക്ട് വച്ചിട്ടില്ല. അതിനാൽ ജില്ലാ ആസൂത്രണസമിതിയുടെ നിദ്ദേശ പ്രകാരം ഈ വർഷത്തേയ്ക്ക് മാത്രമായി ഈ പ്രോജക്ട് ജില്ലാ മെഡിക്കൽ ഓഫീസർ വെറ്റ ചെയ്തു. ഈ നടപടിക്ക് സർക്കാർ സാധൂകരണം വാങ്ങേണ്ടതാണെന്ന ജില്ലാ ആസൂത്രണസമിതിയുടെ നിർദ്ദേശപ്രകാരം പ്രോജക്ടിന് സാധൂകരണം നൽകണമെന്നതു സംബന്ധിച്ച്.

തീരുമാനം :- സാധൂകരണം നൽകുന്നു. ഇനി മുതൽ ക്ഷയരോഗികൾക്ക് പോഷകാഹാര കിറ്റ് നൽകുന്ന പദ്ധതി എല്ലാ ഗ്രാമപഞ്ചായത്തുകളും നിർബന്ധമായും എടുക്കണമെന്നും ഇത് ജില്ലാ ആസൂത്രണസമിതി ഉറപ്പാക്കണമെന്നും നിർദ്ദേശിക്കുന്നു. ഗ്രാമപഞ്ചായത്ത് ഇപ്രകാരം പ്രോജക്ട് എടുക്കുന്നതിന് ആവശ്യമെങ്കിൽ ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറാവുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4. 27 <u>ചെങ്ങന്നൂർ നഗരസഭ</u>**

ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.09.2025-ലെ കത്തും ചെങ്ങന്നൂർ നഗരസഭാ കൗൺസിലിന്റെ 29.05.2025-ലെ 5(5)-ാം നമ്പർ തീരുമാനവും (SRG/923/25 – CC/472/2025)

വിഷയം:- നഗരസഭ 2023-24 വർഷം എടുത്ത പ്രോജക്ട് സ്പിൽ ഓവറായി ഉൾപ്പെടുത്താൻ വിട്ടുപോയതിനാൽ പ്രത്യേക പ്രോജക്ടിലൂടെ തുക നൽകാൻ അനുമതി സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 332/26 | അടങ്കൽ | 3,74,000 രൂപ (തനത് ഫണ്ട്) |
| പേര് | വാർഡ് 1 മുതൽ 15 വാർഡുകളിലെ ഇലക്ട്രിക്കൽ മെയിന്റനൻസ് തുക അനുവദിക്കൽ - ശബരിമല ഫണ്ട്. | |

ചെങ്ങന്നൂർ നഗരസഭ 2023-24 വർഷം 1 മുതൽ 15 വരെ വാർഡുകളിൽ ഇലക്ട്രിക്കൽ മെയിന്റനൻസിന് പ്രോജക്ട് എടുത്തിരുന്നു(പ്രോ.നം. 331/24). പ്രോജക്ട് പൂർത്തിയാക്കി. ഈ പ്രോജക്ട് 2024-25 വർഷം സ്പിൽ ഓവറായി ഉൾപ്പെടുത്താൻ വിട്ടുപോയി. അതിനാൽ ബിൽ തുക നൽകാൻ കഴിഞ്ഞില്ല. ഈ പ്രോജക്ട് ഇനി സ്പിൽഓവറാക്കി കൊണ്ടുവരുന്നതിനു പകരം ഈ വർഷം ഈ പ്രോജക്ടിന്റെ ബിൽ തുക നൽകാൻ തനത് ഫണ്ടിൽ നിന്ന് 3,74,000 രൂപ

വകയിരുത്തി പുതിയ പ്രോജക്ട് എടുത്തിട്ടുണ്ട്. 2025-26 വർഷം എടുത്ത പ്രോജക്ടിൽ നിന്ന് 2023-24 വർഷത്തെ പ്രോജക്ടിന്റെ ബിൽ തുക നൽകാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :-

1) 2023-24 വർഷം എടുത്ത പ്രോജക്ട് 2024-25, 2025-26 വർഷം സ്പിൽ ഓവറായി ക്യാരി ഓവർ ചെയ്ത് ബിൽ തുക നൽകുന്നതാണ് ശരിയായ നടപടിക്രമം. ഇപ്രകാരം ചെയ്യാത്തത് വീഴ്ചയാണ് എന്നു യോഗം വിലയിരുത്തി.
2) എങ്കിലും നടപടിക്രമങ്ങളിലെ കാലതാമസം ഒഴിവാക്കാനായി ഈ വർഷം തനത് ഫണ്ടിൽ നിന്ന് തുക നൽകാനായി എടുത്ത പ്രോജക്ടിൽ നിന്ന് ബിൽ തുക നൽകാൻ അനുമതി നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

**4. 28 <u>ചെങ്ങന്നൂർ നഗരസഭ</u>**

ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.09.2025-ലെ കത്തും ചെങ്ങന്നൂർ നഗരസഭാ കൗൺസിലിന്റെ 29.05.2025-ലെ 5(5)-ാം നമ്പർ തീരുമാനവും ചെങ്ങന്നൂർ നഗരസഭാ സെക്രട്ടറിയുടെ 01.08.2025-ലെ 1260739/2025-ാം നമ്പർ കത്തും (SRG/924/25 - CC/471/2025)

വിഷയം:- നഗരസഭ 2023-24 വർഷം എടുത്ത പ്രോജക്ട് സ്പിൽ ഓവറായി ഉൾപ്പെടുത്താൻ വിട്ടുപോയതിനാൽ പ്രത്യേക പ്രോജക്ടിലൂടെ തുക നൽകാൻ അനുമതി സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 333/26 | അടങ്കൽ | 4,48,609 രൂപ (മെയിന്റനൻസ് ഗ്രാന്റ് (റോഡ്) |
| പേര് | കുന്നത്തുമല റോഡ് നവീകരണം വാർഡ് 3 - തുക അനുവദിക്കൽ | |

ചെങ്ങന്നൂർ നഗരസഭ 2023-24 വർഷം കുന്നത്തുമല റോഡ് നവീകരണത്തിനായി (പ്രോനം.74/24) പ്രോജക്ട് എടുത്തിരുന്നു. പ്രോജക്ട് പൂർത്തിയാക്കി. ഈ പ്രോജക്ട് 2024-25 വർഷം സ്പിൽഓവർ ആയി ഉൾപ്പെടുത്താൻ വിട്ടുപോയി. അതിനാൽ ബിൽ തുക നൽകാൻ കഴിഞ്ഞില്ല. ഈ വർഷം ഈ പ്രോജക്ടിന്റെ ബിൽ തുക നൽകാൻ മെയിന്റനൻസ് ഗ്രാന്റ് (റോഡ്) വിഹിതം ഉൾപ്പെടുത്തി പ്രോജക്ട് എടുത്തിട്ടുണ്ട്. ഇപ്രകാരം 2025-26 ൽ എടുത്ത പ്രോജക്ടിൽ നിന്ന് 2023-24 വർഷത്തെ പ്രോജക്ടിന്റെ ബിൽ തുക നൽകാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :-

1) 2023-24 വർഷം എടുത്ത പ്രോജക്ട് 2024-25, 2025-26 വർഷം സ്പിൽഓവറായി ക്യാരിഓവർ ചെയ്ത് ബിൽ തുക നല്കുന്നതാണ് ശരിയായ നടപടിക്രമം. ഇതിനു പകരം ബിൽ തുക നൽകാൻ ഈ വർഷം മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഉപയോഗിച്ച് പുതിയ പ്രോജക്ട് എടുക്കാവുന്നതല്ല. ആവശ്യം നിരസിച്ചു.
2) ഈ പ്രോജക്ട് സ്പിൽ ഓവറാക്കി തുക നൽകാൻ നിർദ്ദേശിക്കുന്നു. ഇതിനാവശ്യമായ ക്രമീകരണം ഐ.കെ.എം ചെയ്യേണ്ടതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം<br>2) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

**4.29 <u>വെങ്കിടങ്ങ് ഗ്രാമപഞ്ചായത്ത്</u>**

തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.10.2025-ലെ കത്തും വെങ്കിടങ്ങ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 27.08.2025-ലെ 4(10)-ാം നമ്പർ തീരുമാനവും (SRG/1051/25 - CC/507/2025)

വിഷയം:- കോക്ലിയർ ഇംപ്ലാന്റ് മെയിന്റനൻസിന് ധനസഹായം നൽകുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| പ്രോ.നം. 53/2026 | അടങ്കൽ | 50,000 രൂപ<br>(വികസനഫണ്ട് ജനറൽ) |
| പേര് | കോക്ലിയർ ഇംപ്ലാന്റ് മെയിന്റനൻസ് | |

പദ്ധതി ആസൂത്രണ സബ്സിഡി മാർഗ്ഗരേഖ പ്രകാരം ക്ലോക്ലിയർ ഇംപ്ലാന്റ് ചെയ്തവർക്ക് കാലാകാലങ്ങളിലുള്ള റിപ്പയറിംഗിന് ഒരാൾക്ക് 50,000 രൂപ നിരക്കിൽ സോഷ്യൽ സെക്യൂരിറ്റി മിഷന് (സ്റ്റേറ്റ് ഹെൽത്ത് ഏജൻസി) നൽകി ഇവയുടെ റിപ്പയറിംഗ് നടത്താൻ അനുമതിയുണ്ട്. വെങ്കിടങ്ങ് ഗ്രാമപഞ്ചായത്തിൽ ബുഖറായിൽ വളപ്പിൽ ശ്രീമതി.നെയ്മ ബീവി എന്ന വ്യക്തിയുടെ കോക്ലിയർ ഇംപ്ലാന്റിന് മെയിന്റനൻസ് ആവശ്യമാണ്. ഈ വ്യക്തിക്ക് 32 വയസ്സുണ്ട്. കേരള സാമൂഹ്യ സുരക്ഷാമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 28.11.2019-ലെ P2/2924/18/KSSM നമ്പർ കത്തു പ്രകാരം 25 വയസ്സ് വരെ ഉള്ളവർക്കാണ് ഈ ആനുകൂല്യം നൽകാവുന്നത്. അതിനാൽ ശ്രീമതി. നെയ്മ ബീവിയുടെ കോക്ലിയർ ഇംപ്ലാന്റ് മെയിന്റനൻസ് നടത്തി നൽകാൻ പ്രത്യേക അനുമതി സംബന്ധിച്ച്.

തീരുമാനം :- കോക്ലിയർ ഇംപ്ലാന്റ് മെയിന്റനൻസ് നടത്തുന്നതിന് സഹായം നൽകുമ്പോൾ പ്രായപരിധി പരിഗണിക്കേണ്ടതില്ലെന്ന് യോഗത്തിൽ ആരോഗ്യവകുപ്പ് ഡയറക്ടറുടെ പ്രതിനിധി അറിയിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ പ്രായപരിധി പാലിക്കാതെ കോക്ലിയർ ഇംപ്ലാന്റിന്റെ മെയിന്റനൻസിന് മാർഗ്ഗരേഖ പ്രകാരമുള്ള 50,000 രൂപ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് കൈമാറാവുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.30 <u>പള്ളിവാസൽ ഗ്രാമപഞ്ചായത്ത്</u>**

ഇടുക്കി ജില്ലാപ്ലാനിംഗ് ഓഫീസറുടെ 21.10.2025-ലെ കത്തും പള്ളിവാസൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 14.02.2023-ലെ 1(9) -ാം നമ്പർ തീരുമാനവും പള്ളിവാസൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 18.10.2025-ലെ 3353/2025-ാം നമ്പർ കത്തും (SRG/1001/25 - cc/530/2025)

വിഷയം:- പള്ളിവാസൽ ഗ്രാമപഞ്ചായത്തിൽ മീൻകെട്ട് അങ്കണവാടി കെട്ടിടം നിർമ്മിച്ചതിന്റെ തുക നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 60/2022 | അടങ്കൽ | 14,00,000 രൂപ<br>(കേന്ദ്രാവിഷ്കൃത വിഹിതം MGNREGS - 7,00,000 രൂപ<br>മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ് ) 7,00,000 രൂപ) |
| പേര് | മീൻകെട്ട് അങ്കണവാടി നിർമ്മാണം | |

പള്ളിവാസൽ ഗ്രാമപഞ്ചായത്ത് 2021-22 വർഷം മീൻകെട്ട് അങ്കണവാടിക്ക് കെട്ടിടം നിർമ്മിക്കുന്നതിന് 7.00 ലക്ഷം രൂപ MGNREGS വിഹിതവും 7.00 ലക്ഷം രൂപ മെയിന്റനൻസ്ഗ്രാന്റ് നോൺ റോഡ് വിഹിതവുമാണ് വകയിരുത്തിയിരുന്നത്. അങ്കണവാടി കെട്ടിട നിർമ്മാണം MGNREGS മുഖേനയും സംരക്ഷണഭിത്തി നോൺ റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് നടത്താനുമാണ് ഉദ്ദേശിച്ചിരുന്നത്. മണ്ണൊലിപ്പ് തടയാൻ അങ്കണവാടി കെട്ടിടത്തിന്റെ നിർമ്മാണത്തിനു മുൻപ് തന്നെ സംരക്ഷണഭിത്തി നിർമ്മിക്കേണ്ടിയിരുന്നു. ഇതിനായി നോൺറോഡ് മെയിന്റനൻസ് ഗ്രാന്റാണ് വകയിരുത്തിയിരുന്നത്. ഈ പ്രവൃത്തി അങ്കണവാടി ക്ഷേമ സമിതി (ഗുണഭോക്തൃ സമിതി) മുഖേനയാണ് ചെയ്തത്. ഗുണഭോക്തൃ സമിതിയുടെ കൺവീനർ അങ്കണവാടി ടീച്ചർ ആണ്. പതിനാലാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ പ്രകാരം (സർക്കാരിന്റെ 19.04.2022-ലെ 84/2022/തസ്വഭവ നമ്പർ ഉത്തരവ് ഖണ്ഡിക 12.2 (5-B) പ്രകാരം അങ്കണവാടി ക്ഷേമ സമിതിയെ ഗുണഭോക്തൃ സമിതിയായി ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ പ്രകാരം അങ്കണവാടി ക്ഷേമ സമിതിയെ അങ്കണവാടിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ചെയ്യാൻ ഗുണഭോക്തൃ സമിതിയായി ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നു.

അങ്കണവാടിയുടെ സംരക്ഷണഭിത്തയടക്കമുള്ള പ്രവൃത്തികൾ പൂർത്തിയാക്കി. ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരം ഈ പ്രവൃത്തിയുടെ വാല്യവേഷൻ തുക 6,57,156 രൂപയാണ്. ഈ തുക ഗുണഭോക്തൃ കമ്മിറ്റിക്ക് അനുവദിച്ച നൽകാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :- അങ്കണവാടി കെട്ടിടത്തിനുള്ള പ്രോജക്ട് 2021-22 ലാണ് എടുത്തത്. ഈ സമയത്ത് നിലനിന്നിരുന്ന മാർഗ്ഗരേഖയനുസരിച്ച് അങ്കണവാടി ക്ഷേമ സമിതി മുഖേന (ഗുണഭോക്തൃ സമിതി) പ്രവൃത്തികൾ നേരിട്ട് ചെയ്യാൻ അനുമതിയുണ്ടായിരുന്നു (29.01.2018-ലെ11/2018/തസ്വഭവ) നമ്പർ സർക്കാർ ഉത്തരവ് ഖണ്ഡിക 11.2.3-B) എന്ന് യോഗം നിരീക്ഷിച്ചു. ഈ സാഹചര്യത്തിൽ ഈ പ്രവൃത്തി അങ്കണവാടി ക്ഷേമ സമിതി കൺവീനറുമായി എഗ്രിമെന്റ് വച്ചത് പുതിയ മാർഗ്ഗരേഖ പ്രാബല്യത്തിൽ വന്ന 19.04.2022 ന് മുമ്പാണെങ്കിൽ വാല്യവേഷൻ പ്രകാരമുള്ള തുക നൽകാൻ അനുമതി നൽകുന്നു. ഇത് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തണം. എന്നാൽ പുതിയ അങ്കണവാടിയുടെ സംരക്ഷണഭിത്തി നിർമ്മിക്കാൻ നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാവുന്നതല്ല എന്നും തനത് ഫണ്ടോ വികസന ഫണ്ടോ (ജനറൽ) ഇതിനായി ഉപയോഗിക്കണമെന്നും നിർദ്ദേശിക്കുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

## 4.31 കാസർഗോഡ് ജില്ലാ പഞ്ചായത്ത്

കാസർഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.11.2025-ലെ കത്ത് (SRG/1090/25 – CC/559/25)

വിഷയം:- ഡ്രോൺ ഉപയോഗിക്കുന്നതിന് പരിശീലനം ലഭിച്ചവർക്ക് സംരംഭം തുടങ്ങാൻ ധനസഹായം നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 605/26 | അടങ്കൽ | 10,00,000 രൂപ (TSP) |
| പേര് | സപ്ത ഭൂമി ഡ്രോൺ അധിഷ്ഠിത വ്യവസായ സംരംഭം | |

കാസർഗോഡ് ജില്ലയിൽ പട്ടികവർഗ്ഗ വിഭാഗത്തിലെ 10 യുവാക്കൾക്ക് ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷന്റെ ഡ്രോൺ പൈലറ്റ് ലൈസൻസ് ലഭിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വകുപ്പിന്റെയും 'അസാപ്പ്- ന്റെയും സംയുക്ത ആഭിമുഖ്യത്തിലാണ് ഇവർക്ക് പരിശീലനം നൽകിയത്. ഡ്രോൺ ഉപയോഗിക്കുന്നതിന് ലൈസൻസ് ലഭിച്ച പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സംരംഭം തുടങ്ങാൻ ഡ്രോൺ വാങ്ങുന്നതിന് ധനസഹായം നൽകാൻ ഉദ്ദേശിക്കുന്നു. ഇവർ ജില്ലയുടെ പല ഭാഗത്തായതിനാൽ സംയുക്ത സംരംഭം തുടങ്ങാൻ കഴിയില്ല. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഇവർക്ക് ഗുണഭോക്തൃ വിഹിതം കണ്ടെത്താനും കഴിയില്ല. അതിനാൽ ഇവർക്ക് 100 ശതമാനം സബ്സിഡിയോടെ ഡ്രോൺ വാങ്ങാൻ ധനസഹായം നൽകുന്നതിനുള്ള പ്രോജക്ടിന് അനുമതി സംബന്ധിച്ച്.

തീരുമാനം :- 1) സർക്കാരിന്റെ 04.01.2023-ലെ 3/2023/തസ്വഭവ ഉത്തരവ് പ്രകാരം പ്രാദേശിക സാമ്പത്തിക വികസനത്തിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ഡ്രോൺ നൽകുന്നത് സംബന്ധിച്ചും ഇതിന്റെ പ്രവർത്തനം സംബന്ധിച്ചും വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി LED മാർഗ്ഗരേഖ പ്രകാരമുള്ള ജില്ലാതല സാങ്കേതിക സമിതിക്കു നൽകി അംഗീകാരം വാങ്ങണമെന്ന നിബന്ധന യോടെ അനുമതി നൽകുന്നു. ആദ്യഘട്ടമെന്ന നിലയിൽ ഒരു വ്യക്തി/ഗ്രൂപ്പിനു മാത്രം ഡ്രോൺ നൽകിയാൽ മതിയെന്ന് നിർദ്ദേശിക്കുന്നു.

2) ഡ്രോൺ ഉപയോഗിക്കുന്നത് സബന്ധിച്ച് മാർഗ്ഗരേഖ തയ്യാറാക്കി നൽകാൻ കൃഷി വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി. ഇക്കാര്യം കൃഷി വകുപ്പ് ഡയറക്ടർ തയ്യാറാക്കി നൽകുന്ന മാർഗ്ഗരേഖ പ്രകാരമായിരിക്കണം മുകളിൽ പറഞ്ഞ പ്രോജക്ട് നടപ്പാക്കേണ്ടത്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ഡയറക്ടർ, കൃഷി വകുപ്പ്<br>2)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.32 <u>തിരുവാർപ്പ് ഗ്രാമപഞ്ചായത്ത്</u>**

തിരുവാർപ്പ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 10.10.2025, 13.102025 എന്നീ തീയതികളിലെ SC1/4058245/2025-ാം നമ്പർ കത്തുകൾ (2എണ്ണം) (SRG/1097/25 -LSGD/DA2/165/25/LSGD )

വിഷയം:- വെൽനസ്സ് സെന്ററിന്റെ പ്രവർത്തനത്തിന് ട്രെയിനർക്ക് വേതനം നൽകിയതിന് സാധൂകരണം സംബന്ധിച്ച്

തിരുവാർപ്പ് ഗ്രാമപഞ്ചായത്തിൽ 2022-23 മുതൽ വെൽനസ്സ് സെന്റർ സ്ഥാപിച്ച് പ്രവർത്തനം നടക്കുന്നു. ഇതിന്റെ പ്രവർത്തനത്തിനായി ആവശ്യമായ മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇവിടേയ്ക്ക് 9/2024 മുതൽ പ്രതിമാസം 15,000 രൂപ വേതനം നൽകി ട്രെയിനറെ നിയമിച്ചു. ഇപ്രകാരം 9/2024 മുതൽ 6/2025 വരെ ട്രെയിനറെ നിയമിച്ചതിന് ഓഡിറ്റ് കുറിപ്പുണ്ട്. ഈ കാലഘട്ടത്തിൽ ട്രെയിനറെ നിയമിച്ചതിന് സാധൂകരണവും ജൂലൈ 2025 മുതൽ ട്രെയിനറെ നിയമിക്കാൻ അനുമതി സംബന്ധിച്ചും.

തീരുമാനം :- 1) ട്രെയിനറെ 9/2024 മുതൽ 6/2025 വരെ നിയമിച്ചതിന് ഓഡിറ്റ് കുറിപ്പുള്ളതിനാൽ ഇതിന്മേൽ വകുപ്പുതലത്തിൽ തീരുമാനമെടുക്കാൻ നിർദ്ദേശിക്കുന്നു.

2) വെൽനസ്സ് സെന്ററിൽ മെച്ചപ്പെട്ട കൂടുതൽ മെഷീൻ വാങ്ങി സ്ഥാപിച്ച് കുറഞ്ഞ നിരക്കിൽ ഫീസ് ഈടാക്കി ട്രെയിനർക്കുള്ള വേതനം സ്വയം കണ്ടെത്തിയും സെന്ററിന്റെ നടത്തിപ്പിനാവശ്യമായ മറ്റു ചെലവുകൾക്കുള്ള തുക ഗ്രാമപഞ്ചായത്തിൽ നിന്നും നൽകിയും സെന്ററിന്റെ പ്രവർത്തനം ചിട്ടപ്പെടുത്താൻ നിർദ്ദേശിക്കുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.33 <u>എറണാകുളം ജില്ലാ പഞ്ചായത്ത്</u>**

എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 10.11.2025-ലെ കത്തും എറണാകുളം ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 24.10.2025-ലെ 9(1)-ാം നമ്പർ തീരുമാനവും (SRG/1088/25 - CC/544/2025)

വിഷയം :- പുത്തൻവേലിക്കര സ്റ്റേഷൻ കടവ് ഷട്ടർ നിർമ്മാണത്തിനുള്ള തുക ഇറിഗേഷൻ വകുപ്പിനു ഡിപ്പോസിറ്റ് ചെയ്യാൻ അനുമതി സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 993/26 | അടങ്കൽ | 26,25,000 രൂപ<br>(വികസനഫണ്ട് - ജനറൽ) |
| പേര് | മൂത്തകുന്നം ഡിവിഷൻ - പുത്തൻവേലിക്കര സ്റ്റേഷൻ കടവ് ഷട്ടർ നിർമ്മാണം | |

പുത്തൻവേലിക്കര ഗ്രാമപഞ്ചായത്തിന്റെ കൃഷി ആവശ്യത്തിന് ശുദ്ധജലം ലഭിക്കാൻ ബുദ്ധിമുട്ടാണ്. പുഴകളിൽ അതിർത്തി പങ്കിടുന്ന ഈ പ്രദേശത്ത് വേനൽക്കാലത്ത് ഉപ്പിന്റെ

അംശമുള്ള  വെള്ളം കയറും. അതിനാൽ ഉപ്പിന്റെ അംശമുള്ള ഓരു വെള്ളം കയറുന്നത് ഷട്ടർ ഉപയോഗിച്ച് തടയാനാണ് പുത്തൻവേലിക്കര സ്റ്റേഷൻകടവ്  ഷട്ടർ നിർമ്മാണം  എന്ന പ്രോജക്ട് എടുത്തിരിക്കുന്നത്. ഇതിന് ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ 26.25 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ്  തയ്യാറാക്കിയിട്ടുണ്ട്. ഈ തുക ഇറിഗേഷൻ മെക്കാനിക്കൽ ഡിവിഷൻ മുഖേന ഡിപ്പോസിറ്റ് പ്രവൃത്തിയായി  നടപ്പാക്കുന്നതിനും തുക ഇറിഗേഷൻ വകുപ്പിന് ഡിപ്പോസിറ്റ് ചെയ്യാനും  അനുമതി  സംബന്ധിച്ച്.

തീരുമാനം :- ഇറിഗേഷൻ വകുപ്പിന്റെ സാങ്കേതികമായ മേൽനോട്ടം ആവശ്യമുള്ള പ്രവൃത്തി ആയതിനാൽ തുക ഇറിഗേഷൻ വകുപ്പിന് ഡിപ്പോസിറ്റ് ചെയ്ത് നടപ്പാക്കാൻ അനുമതി നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4. 34 <u>തില്ലങ്കരി ഗ്രാമപഞ്ചായത്ത്</u>**

കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 02.05.2025-ലെ കത്തും MGNREGS മിഷൻ ഡയറക്ടറുടെ 28.10.2025-ലെ NREGA/695/2025-D1 നമ്പർ കത്തും (SRG/367/25 - CC/128/25)

വിഷയം:- MGNREGS പദ്ധതിയിൽ നടപ്പാക്കിയ സ്കൂൾ ചുറ്റുമതിലിന്റെ വാല്യുവേഷൻ എടുക്കുന്നത് സംബന്ധിച്ച്

തില്ലങ്കരി ഗ്രാമപഞ്ചായത്ത്  ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 2023-24 ൽ തില്ലങ്കരി ഗവ.യുപി സ്കൂൾ ചുറ്റു മതിലിന്റെ നിർമ്മാണം  എടുത്തിരുന്നു.  അടങ്കൽ തുക 11,67,623 രൂപ. ഈ പ്രവൃത്തിക്ക് മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതിന് ടെണ്ടറിലൂടെ ശ്രീ. രൂപേഷ്. സി. എന്ന വെണ്ടറെ ചുമതലപ്പെടുത്തി.  ഈ പ്രവൃത്തി പൂർത്തിയാക്കി.  ഇതിന്റെ അടങ്കൽ 5.00 ലക്ഷം രൂപയിൽ അധികമായതിനാൽ ചെക്ക് മെഷർ ചെയ്യേണ്ടത് ഇരിട്ടി ബ്ലോക്ക്  അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറാണ്.  എന്നാൽ MGNREGS അക്രഡിറ്റഡ് എഞ്ചിനീയർ ഓരോ ഘട്ടത്തിലും ചെക്ക് മെഷർമെന്റ് സമർപ്പിച്ചിരുന്നില്ല.  അതിനാൽ വിദഗ്ധ തൊഴിലാളികൾക്കുള്ള തുകയും  മെറ്റീരിയലിന്റെ തുകയും നൽകിയിട്ടില്ല.  ഈ സാഹചര്യത്തിൽ ബ്ലോക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ചെക്ക് മെഷർ ചെയ്യാൻ അനുമതി നൽകണമെന്നു സംബന്ധിച്ച്.

ഇതിന്മേൽ MGNREGS ഡയറക്ടറുടെ അഭിപ്രായം തേടിയ പ്രകാരം  മിഷൻ ഡയറക്ടറുടെ റിപ്പോർട്ടിന്റെ സംക്ഷിപ്ത രൂപം താഴെപ്പറയും പ്രകാരമാണ്.

ചുറ്റുമതിൽ നിർമ്മാണം  മികച്ച രീതിയിൽ പൂർത്തിയാക്കിയിട്ടുണ്ട്.  നാലു മസ്റ്റർ റോളുകളിലായി  173 തൊഴിൽ ദിനങ്ങൾ അനുവദിക്കുകയും  59,858 രൂപ അവിദഗ്ധ വേതനമായി  അനുവദിക്കുകയും ചെയ്തിട്ടുണ്ട്.  നിർമ്മാണത്തിന്റെ ഓരോ ഘട്ടത്തിലും  ചെക്ക് മെഷർമെന്റ് നടത്തിയതായി  രേഖകളില്ല.  പ്രവൃത്തി സമയത്ത് അക്രഡിറ്റഡ് എഞ്ചിനീയർ രാജി വച്ചതിനാൽ വിവരങ്ങൾ ശേഖരിക്കാൻ കഴിഞ്ഞില്ല.  നിർമ്മാണ ഘട്ടത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ  അറിയിച്ചിട്ടില്ലെങ്കിലും  പ്രവൃത്തി തൃപ്തികരമായി പൂർത്തീകരിച്ചിട്ടുണ്ട്. ബന്ധപ്പെട്ട  AS, TS  സ്ലിപ്പുകൾ, എസ്റ്റിമേറ്റ്, ബില്ലുകൾ, മസ്റ്റർ റോളുകൾ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.  വിദഗ്ധ-അർദ്ധ വിദഗ്ധ വേതനവും മെറ്റീരിയൽ തുകയും  നൽകുന്നതിന് മൂല്യനിർണ്ണയം നടത്തണം.  അതിനാൽ ചെക്ക് മെഷർമെന്റ് ചെയ്യുന്നതിന്  ഇപ്പോഴത്തെ ബ്ലോക്ക്  അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് പ്രത്യേക അനുമതി നൽകാവുന്നതാണെന്ന് റിപ്പോർട്ട്  ചെയ്തിട്ടുണ്ട്.

തീരുമാനം :- 1) പ്രവൃത്തിയുടെ നിർവ്വഹണ ഘട്ടത്തിൽ ചെക്ക് മെഷർ ചെയ്യാത്തത് വീഴ്ചയാണ് എന്ന് യോഗം വിലയിരുത്തി.

2) പ്രവൃത്തി പൂർത്തിയായ സാഹചര്യത്തിൽ ഇനി ചെക്ക് മെഷർമെന്റ് എടുക്കുക സാധ്യമല്ല. MGNREGS മിഷൻ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ പ്രവൃത്തിയുടെ  ചെക്ക് മെഷർമെന്റിനു പകരം വാല്യുവേഷൻ എടുക്കാൻ ഇരിട്ടി  ബ്ലോക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ  ചുമതലപ്പെടുത്തുന്നു.  വാല്യുവേഷന്റെ

അടിസ്ഥാനത്തിൽ ബന്ധപ്പെട്ടവർക്ക് അർഹമായ തുക നൽകാവുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ് |

**4. 35 പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത്**

തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 20.08.2025-ലെ കത്ത് (SRG/800/2025 – CC/444/25)

**വിഷയം:-** തോളൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിലേയ്ക്ക് വാഹനം വാങ്ങുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം.137/26 | അടങ്കൽ | 18,50,000 രൂപ (തനത് ഫണ്ട് – 50,000 രൂപ ജില്ലാ പഞ്ചായത്ത് വിഹിതം – 18,00,000 രൂപ ) |
| പേര് | പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് – തോളൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിലേയ്ക്ക് വാഹനം വാങ്ങൽ – സംയുക്ത പദ്ധതി | |

പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള തോളൂർ സാമൂഹികാരോഗ്യകേന്ദ്രത്തിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ആരോഗ്യവകുപ്പിന്റെ വാഹനം (ഐഷർ) 15 വർഷത്തിലധികം പഴക്കമുള്ളതാണ്. ഫീൽഡ്തല പരിശോധനയ്ക്കും ക്യാമ്പിനും മറ്റും വാഹനം അത്യാവശ്യമാണ്. അതിനാൽ ഇപ്പോൾ അടിയന്തിര സാഹചര്യങ്ങളിൽ വാഹനം വാടകയ്ക്കെടുക്കുകയാണ്. 12 സീറ്റുള്ള ഫോഴ്സ് വാഹനം വാങ്ങാനുള്ള പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഇതിന് വെറ്റിംഗ് ഓഫീസർ അനുമതി നൽകിയിട്ടില്ല. പ്രത്യേകാനുമതി സംബന്ധിച്ച്.

**തീരുമാനം :-** CHC ക്ക് വാഹനം ലഭ്യമാക്കേണ്ട ചുമതല ആരോഗ്യ വകുപ്പിനാണ്. ആവശ്യം നിരസിച്ചു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് |

**4.36 തിരുവനന്തപുരം കോർപ്പറേഷൻ – ശ്രീമതി. ജയലക്ഷ്മിജെ.ആർ. നായർ**

ശ്രീമതി. ജയലക്ഷ്മി ജെ.ആർ നായർ, (TC 50/236, വൃന്ദാവനം വ്യാസ സ്കൂളിനു സമീപം J.P ലൈൻ)ന്റെ കത്ത് ലഭിച്ചത് 27.09.2025 (SRG/948/25)

**വിഷയം :-** ലൈഫ് ഭവന പദ്ധതിയിൽ വീട് അനുവദിക്കണമെന്നത് സംബന്ധിച്ച്

ശ്രീമതി. ജയലക്ഷ്മി ജെ.ആർ നായർ, (TC 50/236, വൃന്ദാവനം വ്യാസ സ്കൂളിനു സമീപം J.P ലൈൻ) ഇപ്പോൾ വാടക വീട്ടിലാണ് താമസിക്കുന്നത്. സ്വന്തമായി ഭൂമിയോ വീടോ ഇല്ല. വിവാഹ മോചിതയായ ഈ വ്യക്തിക്ക് +2 വിനു പഠിക്കുന്ന ഒരു മകളാണ് ഉള്ളത്. SLE രോഗത്തിന് ചികിത്സയിലുള്ള ഈ വിദ്യാർത്ഥിയുടെ പിത്താശയം നീക്കം ചെയ്തിട്ടുണ്ടെന്ന് അറിയിച്ചിരിക്കുന്നു. പല പ്രാവശ്യം ലൈഫ് ഭവന പദ്ധതിക്കായി അപേക്ഷ നൽകിയിട്ടും ഇതുവരെ സ്ഥലവും വീടും അനുവദിച്ചിട്ടില്ല. ഇതു സംബന്ധിച്ച് ജില്ലാ കളക്ടർക്കും അപേക്ഷ നൽകിയിട്ടുണ്ട്. സ്ഥലവും വീടും അനുവദിച്ച് നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ 2)തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

**4.37 പനയം ഗ്രാമപഞ്ചായത്ത്**

കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 06.09.2025-ലെ കത്തും പനയം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 27.08.2025-ലെ 4(1)-ാം നമ്പർ തീരുമാനവും (SRG/918/25-CC/477/25)

വിഷയം:- അതിദരിദ്ര കുടംബത്തിന് ഭവന നിർമ്മാണത്തിന് അധിക തുക നൽകുന്നത് സംബന്ധിച്ച്.

അതിദരിദ്ര കുടുബത്തിലെ 8 ഗുണഭോക്താക്കൾക്ക് ഗ്രാമപഞ്ചായത്ത് നേരിട്ട് വീട് നിർമ്മിച്ചു നൽകാൻ ഉദ്ദേശിക്കുന്നു. മാനദണ്ഡ പ്രകാരമുള്ള 4.00 ലക്ഷം രൂപയോടൊപ്പം ഓരോ വീടിനും അധികമായി 2.50 ലക്ഷം രൂപ കൂടി സംഭാവനയിലൂടെയും മറ്റും കണ്ടെത്തി ചെലവഴിക്കാൻ ഉദ്ദേശിച്ചിരുന്നത്. എന്നാൽ ഇപ്രകാരം അധിക തുക സമാഹരിക്കാൻ കഴിഞ്ഞില്ല. അതിനാൽ വികസന ഫണ്ടിൽ നിന്ന് ഓരോ വീടിനും അധികമായി 2.00 ലക്ഷം രൂപ കൂടി ചെലവഴിക്കാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :- അധിക തുക സംഭാവനയിലൂടെ കണ്ടെത്തണമെന്ന് നിർദ്ദേശിക്കുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

**4.38 തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്ത്**

കാസർഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 13.08.2025-ലെ കത്തും തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 12.08.2025-ലെ 1/1/2025 നമ്പർ തീരുമാനവും. (SRG/796/25 - CC/431/25).

വിഷയം:- അതിദരിദ്ര കുടംബത്തിലെ ഗുണഭോക്താവിന് ഭവന പുനരുദ്ധാരണത്തിന് ധനസഹായം നൽകാൻ അനുമതി സംബന്ധിച്ച് .

| | | |
|---|---|---|
| പ്രോ.നം. 330/25 | അടങ്കൽ | 2,00,000 രൂപ (SCP) |
| *പേര്* | അതിദരിദ്ര ഗുണഭോക്താവ് മല്ലിക-ഭവന പുനരുദ്ധാരണം | |

തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്തിലെ II-ാം വാർഡിൽ താമസിക്കുന്ന ശ്രീമതി. മല്ലിക.പി അതിദരിദ്ര കുടുംബത്തിൽപ്പെട്ടതാണ് (EPID 20066). ഈ കുടുംബത്തിന് വീട് അറ്റകുറ്റപ്പണിക്ക് 2.00 ലക്ഷം രൂപ ഗ്രാമപഞ്ചായത്ത് വകയിരുത്തിയിട്ടുണ്ട്. നീലേശ്വരം ബ്ലോക്ക് പഞ്ചായത്തും ഈ കുടുംബത്തിന്റെ ഭവന പുനരുദ്ധാരണത്തിനായി 2.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ കുടുംബത്തിന്റെ വീടിന്റെ പൂർത്തീകരണത്തിന് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ എസ്റ്റിമേറ്റ് പ്രകാരം 4.60 ലക്ഷം രൂപ ആവശ്യമുണ്ട്. എസ്റ്റിമേറ്റ് പ്രകാരമുള്ള തുക ഈ ഗുണഭോക്താവിന് നൽകാൻ അനുമതി സംബന്ധിച്ച്

തീരുമാനം :- ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1)ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ<br>2)തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

4. 39 <u>നടുവണ്ണൂർ ഗ്രാമപഞ്ചായത്ത്</u>

കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.09.2025 –ലെ കത്തും നടുവണ്ണൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 21.06.2025–ലെ 2(1)–ാം നമ്പർ തീരുമാനവും നടുവണ്ണൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 01.08.2025–ലെ A4–5647/24 –ാം നമ്പർ കത്തും (SRG/927/25 – CC/455/2025)

വിഷയം:– അതിദരിദ്ര ലിസ്റ്റിൽപ്പെട്ട കുടുംബത്തിന് വീട് അറ്റകുറ്റപ്പണിക്ക് ധനസഹായം നൽകുന്നതു സംബന്ധിച്ച്

നടുവണ്ണൂർ ഗ്രാമപഞ്ചായത്തിലെ ശ്രീമതി. പുഷ്പ താന്നിപ്പറ്റ എന്ന വ്യക്തി അതിദരിദ്ര കുടുംബത്തിന്റെ ലിസ്റ്റിൽപ്പെട്ടതാണ് ( ID No.51670). ഐ.എ.വൈ. പദ്ധതിയിൽ ലഭിച്ച ഇവരുടെ വീടിന് റിപ്പയറിംഗ് ആവശ്യമുണ്ട്. വീടിന് 7 വർഷം മാത്രമാണ് പഴക്കമുള്ളത്. മാർഗ്ഗരേഖയനുസരിച്ച് 8 വർഷമെങ്കിലും പഴക്കമുണ്ടെങ്കിലാണ് വീട് അറ്റകുറ്റപ്പണിക്ക് ധനസഹായം നൽകാവുന്നത്. അസുഖ ബാധിതയായ ശ്രീമതി. പുഷ്പയും മാനസിക വെല്ലുവിളി നേരിടുന്ന മകനും ഉൾപ്പെട്ട കുടുംബമാണ് ഇവരുടേത്. വീടിന്റെ പഴക്കം 8 വർഷം വേണമെന്ന നിബന്ധനയിൽ ഇളവു നൽകി വീട് അറ്റകുറ്റപ്പണിക്ക് ധനസഹായം നൽകാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :– കോഓർഡിനേഷൻ കമ്മിറ്റിയുടെ 21.08.2025–ലെ യോഗത്തിൽ സമാന കേസിൽ 23 കുടുംബത്തിന് ഒറ്റത്തവണത്തേയ്ക്ക് വീടിന് അറ്റകുറ്റപ്പണികൾക്ക് ധനസഹായം നൽകിയിരുന്നു എന്ന് യോഗം നിരീക്ഷിച്ചു. ഇതിന്റെ കൂടി അടിസ്ഥാനത്തിൽ ഈ കുടുംബത്തിന് ഒറ്റത്തവണത്തേയ്ക്ക് വീട് അറ്റകുറ്റപ്പണിക്ക് ധനസഹായം നൽകാൻ അനുമതി നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

4.40 <u>വല്ലപ്പുഴ ഗ്രാമപഞ്ചായത്ത്</u>

ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ട് ഓഫീസറുടെ 22.12.2025–ലെ LM/77/2025/LM6 നമ്പർ കത്ത് (SRG/1/26)

വിഷയം:– ശ്രീ.കൃഷ്ണകുമാർ, ചൂരക്കോട്–നെ ഭൂമിയുള്ള ഭവന രഹിതരുടെ ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്

വല്ലപ്പുഴ ഗ്രാമപഞ്ചായത്തിലെ ചൂരക്കോട് പഞ്ചാരത്തുപ്പടിയിൽ ശ്രീ.കൃഷ്ണകുമാറിനെ ഭൂരഹിത ഭവന രഹിത ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്താൻ 2020–ൽ അപേക്ഷിച്ചിരുന്നു. എന്നാൽ സ്വന്തമായി ഭൂമിയുണ്ട് എന്ന കാരണത്താൽ അപേക്ഷ നിരസിച്ചു. അപ്പീൽ നൽകിയെങ്കിലും അതും നിരസിച്ചു. എന്നാൽ ഈ കുടുംബത്തെ ഭൂമിയുള്ള ഭവന രഹിതരുടെ ലിസ്റ്റിൽ ഉൾപ്പെടുത്താൻ അർഹതയുണ്ടെന്ന് ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചിരിക്കുന്നു. പരിശോധനയിലെ പിഴവുമൂലമാണ് ഈ കുടുംബം ഒഴിവാക്കപ്പെട്ടതെന്നും അതിനാൽ ഭൂമിയുള്ള ഭവനരഹിത ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്താവുന്നതാണെന്നും ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് ഈ കുടുംബത്തെ ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്.

തീരുമാനം :– ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശുപാർശ ചെയ്തിട്ടുള്ള സാഹചര്യത്തിൽ ഈ കുടുംബത്തെ ഭൂമിയുള്ള ഭവന രഹിതരുടെ ലിസ്റ്റിൽ ഉൾപ്പെടുത്താൻ അനുമതി നൽകുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

**4.41 ചെറുതാഴം ഗ്രാമപഞ്ചായത്ത്**

കണ്ണൂർ ജില്ലാപ്ലാനിംഗ് ഓഫീസറുടെ 07.11.2025-ലെ കത്തും ചെറുതാഴം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 23.09.2025-ലെ 20/2025-ാം നമ്പർ തീരുമാനവും (SRG/1066/25 - CC/515/25)

വിഷയം:- അഗതി രഹിത കേരളം പദ്ധതിയിലെ ആശ്രയ ഗുണഭോക്താക്കൾക്ക് വീട് അറ്റകുറ്റപ്പണിക്ക് ധനസഹായം നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 157/26 | അടങ്കൽ | 75,000 രൂപ (വികസനഫണ്ട് - ജനറൽ) |
| പേര് | അഗതി രഹിത കേരളം - വീട് പുനരുദ്ധാരണം | |

അഗതി രഹിത കേരളം പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം (12.12.2017 ലെ 252/2017/തസ്വഭവ നമ്പർ ഉത്തരവ് ഖണ്ഡിക 4.2.2) ആശ്രയ ഗുണഭോക്താക്കൾക്ക് വീട് നിർമ്മിക്കുന്നതിന് എല്ലാ വിഭാഗത്തിലുംപ്പെട്ട കുടുംബത്തിനും പട്ടികവർഗ്ഗ വിഭാഗത്തിനു നൽകുന്ന നിരക്കിൽ ധനസഹായം നൽകാം. ഈ ഉത്തരവിൽ ആശ്രയ ഗുണഭോക്താക്കൾക്ക് വീട് പുനരുദ്ധാരണത്തിനും ധനസഹായം നൽകാം എന്ന് പ്രതിപാദിച്ചിട്ടുണ്ട്. ഇപ്രകാരം ഭവന പുനരുദ്ധാരണത്തിന് ധനസഹായം നല്കുമ്പോൾ പട്ടികവർഗ്ഗ വിഭാഗത്തിനു നൽകുന്ന ഉയർന്ന നിരക്ക് ബാധകമാണോ എന്ന് സ്പഷ്ടീകരണം നൽകണമെന്നു സംബന്ധിച്ച്.

തീരുമാനം :- ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1)ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ 2)തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

**4.42 ദേലംപാടി ഗ്രാമപഞ്ചായത്ത്**

കാസർഗോഡ് ജില്ലാപ്ലാനിംഗ് ഓഫീസറുടെ 07.10.2025-ലെ കത്തും ദേലംപാടി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 06.08.2025-ലെ 18(1) -ാം നമ്പർ തീരുമാനവും (SRG/957/25 - CC/470/25)

വിഷയം:- ആശ്രയ പദ്ധതിയിൽ ചെലവാക്കപ്പെടാതെ CDS അക്കൗണ്ടിലുള്ള തുക ലൈഫ് ഭവന പദ്ധതിക്ക് ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്.

ദേലംപാടി ഗ്രാമപഞ്ചായത്തിലെ ആശ്രയ ഗുണഭോക്താക്കൾക്ക് സ്ഥലം വാങ്ങി വീട്ടു നിർമ്മിച്ച നൽകുന്നതിന് മുൻവർഷങ്ങളിൽ പ്രോജക്ട് എടുത്തിരുന്നു. ഈ തുക കുടുംബശ്രീ ആശ്രയ അക്കൗണ്ടിലാണ് നിക്ഷേപിച്ചിരുന്നത്. ഇതിൽ ചെലവഴിക്കപ്പെടാതെ 31,01,047 രൂപ ബാക്കിയുണ്ട്. പലിശയടക്കം ഇപ്പോൾ ആകെ 38,40,425 രൂപ അക്കൗണ്ടിൽ ഉണ്ട്. ഈ തുക ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ആശ്രയ കുടുംബത്തിനും പട്ടികവർഗ്ഗ കുടുംബത്തിനും ഭവനം നിർമ്മിക്കുന്നതിന് ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :- ലൈഫ് ലിസ്റ്റിലുള്ള ആശ്രയ കുടുംബത്തിനും പട്ടികവർഗ്ഗ കുടുംബത്തിനുമാണ് വീട് നിർമ്മിച്ച നൽകുന്നത് എന്നതിനാൽ അനുമതി നൽകുന്നു. ആശ്രയ കുടുംബത്തിന് മുൻഗണന നൽകേണ്ടതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

**4.43 <u>നന്ദിയോട് ഗ്രാമപഞ്ചായത്ത്</u>**

തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.12.2025, 20.12.2025 എന്നീ തീയതികളിലെ കത്തും നന്ദിയോട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 17.10.2025 ലെ 12(2)-ാാം നമ്പർ തീരുമാനവും (SRG/34/26-CC/539/26)

വിഷയം :- ലൈഫ് ഭവന പദ്ധതി പ്രകാരം രണ്ടാം ഗഡു അനുവദിക്കുന്നതു സംബന്ധിച്ച്.

നന്ദിയോട് ഗ്രാമപഞ്ചായത്തിലെ ശ്രീ.രാമചന്ദ്രൻ, ധന്യഭവൻ, ആലുംകുഴി എന്ന വ്യക്തി ലൈഫ് ഭവന പദ്ധതിയിൽ ക്രമനമ്പർ 49 ആയി ഉൾപ്പെട്ടിരുന്നു. 19.02.2024-ൽ കരാറിൽ ഏർപ്പെട്ടുകയും ഒന്നാം ഗഡു അനുവദിക്കുകയും ചെയ്തു. എന്നാൽ അർഹത സംബന്ധിച്ച് പരാതി ലഭിച്ചതനുസരിച്ച് പരിശോധിച്ചു. ഈ വ്യക്തിയുടെ ഭാര്യയ്ക്ക് 16 വർഷം മുൻപ് ഭവനം ലഭിച്ചിട്ടുണ്ടെന്നും 6 വർഷം മുമ്പ് ഈ വ്യക്തിയുടെ വിവാഹം കഴിഞ്ഞ മകൾക്ക് ഭവനം കൈമാറിയിട്ടുണ്ടെന്നും അറിയിച്ചിരിക്കുന്നു. അർഹതാ പരിശോധനാ വേളയിൽ ശ്രീ. രാമചന്ദ്രനും ഭാര്യയും ഇളയ മകളും വാസയോഗ്യമല്ലാത്ത ഭവനത്തിലാണ് താമസിച്ചിരുന്നതെന്നും അതിനാലാണ് ഒന്നാം ഗഡു നൽകിയതെന്നും വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ അറിയിച്ചിട്ടുണ്ട്. ഇനിയുള്ള ഗഡുക്കൾ നൽകുന്നതിന് ലൈഫ് മിഷനിൽ നിന്നും സ്പഷ്ടീകരണം ആരാഞ്ഞെങ്കിലും കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് നൽകാൻ ലൈഫ് മിഷൻ നിർദ്ദേശിച്ചു എന്നറിയിച്ചിട്ടുണ്ട്. തുടർ ഗഡുക്കൾ നൽകാൻ കഴിയുമോ എന്നതിൽ സ്പഷ്ടീകരണം നൽകണമെന്നതു സംബന്ധിച്ച്

തീരുമാനം :- ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1)ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ<br>2)തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

**4. 44 <u>പെരിനാട് ഗ്രാമ പഞ്ചായത്ത്</u>**

കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.10.2025-ലെ കത്തും അനുബന്ധരേഖകളും (SRG/999/25 – CC/528/25)

വിഷയം:- ഗ്രാമപഞ്ചായത്തിന്റെ ധനസഹായത്തോടെ നിർമ്മിച്ച വീട് വിൽക്കാൻ അനുമതി സംബന്ധിച്ച്

പെരിനാട് ഗ്രാമപഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ശ്രീമതി.രമാവതി സുധിലാൽ എന്ന വ്യക്തിക്ക് 2015-16-ൽ ഗ്രാമപഞ്ചായത്തിൽ നിന്ന് വീട് നിർമ്മാണത്തിന് 2.00 ലക്ഷം രൂപ നൽകി. വീടു നിർമ്മാണം പൂർത്തിയാക്കി. ഈ ഗുണഭോക്താവ് ജില്ലാ സഹകരണ ബാങ്കിൽ നിന്ന് 3.25 ലക്ഷം രൂപ വായ്പയെടുത്തിരുന്നു. പലിശയടക്കം ഇപ്പോൾ 9.29 ലക്ഷം രൂപ ബാങ്കിലേയ്ക്ക് തിരികെ അടയ്ക്കണം. ഈ കുടുംബം ജപ്തി നടപടി നേരിടുകയാണ്. വീട് നിർമ്മാണത്തിന്റെ അവസാന ഗഡു കൈപ്പറ്റിയത് 29.08.2015-നാണ്. ബാങ്കിലെ കട ബാധ്യത വീട്ടാൻ ഇപ്പോഴത്തെ സ്ഥലവും വീടും വിൽക്കണം. അതിനാൽ ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിച്ച 2.00 ലക്ഷം രൂപയും പലിശയും തിരികെ അടയ്ക്കണമെന്ന നിബന്ധനയിൽ നിന്നൊഴിവാക്കി വീട് വിൽക്കുന്നതിന് അനുമതി സംബന്ധിച്ച്. 65 വയസ്സുള്ള അപേക്ഷക തൊഴിൽ രഹിതയും ഭർത്താവ് തൊഴിലുറപ്പു തൊഴിലാളിയുമാണ്. രണ്ട് മക്കളും അവിവാഹിതയും ഇതിൽ ഒരാൾ അപസ്മാര രോഗിയും ഒരാൾ കിഡ്നി രോഗിയുമാണെന്നും അറിയിച്ചിട്ടുണ്ട്. ഈ ആവശ്യം 24.09.2025-ന് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ നടന്ന ജില്ലാതല യോഗം പരിഗണിക്കുകയും ആവശ്യം കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് നൽകാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

തീരുമാനം :- ഗുണഭോക്താവും കുടുംബവും ഭവനരഹിതർ ആകാതിരിക്കാൻ പകരം വീടും സ്ഥലവും വാങ്ങും എന്ന് ഉറപ്പാക്കേണ്ടതാണെന്ന് യോഗം നിരീക്ഷിച്ചു. ഇപ്രകാരം വീടും സ്ഥലവും വാങ്ങിയതിനുശേഷം ഗ്രാമപഞ്ചായത്തിലേയ്ക്ക് തിരികെ അടയ്ക്കേണ്ട 2.00 ലക്ഷം രൂപയും പലിശയും ഒഴിവാക്കുന്നത് പരിഗണിക്കാവുന്നതാണെന്ന് യോഗം നിരീക്ഷിച്ചു. ഇത് സംബന്ധിച്ച്

വകുപ്പുതലത്തിൽ പരിശോധിച്ച് നിർദ്ദേശം നൽകേണ്ടതാണ്. ഇതുകൂടി പരിഗണിച്ച് കാലതാമസമൊഴിവാക്കി ഇതിന്മേൽ വകുപ്പുതലത്തിൽ തീരുമാനമെടുക്കാൻ നിർദ്ദേശിക്കുന്നു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ് |

## 4. 45 നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത്

പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.08.2025-ലെ കത്ത് (SRG/804/2025 - CC/430/25)
വിഷയം:- മുൻ വർഷത്തെ പ്രോജക്ട് ഈ വർഷം സ്പിൽഓവറായി ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 140/24 | അടങ്കൽ | 3,00,000 രൂപ (CFC Tied Grant) |
| പേര് | കുനംപാലം റൗണ്ട് പാടി ഡ്രെയിനേജ് | |

നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത് 2022-23 വർഷം കുനംപാലം റൗണ്ട് പാടി ഡ്രെയിനേജ് പ്രവൃത്തിക്കായി പ്രോജക്ട് ഉൾപ്പെടുത്തിയിരുന്നു. ഇത് പൂർത്തിയാക്കാൻ കഴിയാത്തതിനാൽ 2023-24 വർഷം സ്പിൽ ഓവറായി ഉൾപ്പെടുത്തുകയും അതേവർഷം പൂർത്തീകരിക്കുകയും ചെയ്തു. ഇതിന്റെ ബിൽ തുക നൽകിയിരുന്നില്ല. എന്നാൽ ഇതിന് പൂർത്തീകരണ സാക്ഷ്യപത്രം നൽകി. അതിനാൽ ഈ പ്രോജക്ട് 2024-25 വർഷം സ്പിൽ ഓവറായി ഉൾപ്പെടുത്തി ബിൽ തുക നൽകാൻ കഴിഞ്ഞില്ല. ഈ പ്രോജക്ട് 2025-26 വർഷം സ്പിൽ ഓവറായി ഉൾപ്പെടുത്തി ഇതിന്റെ ബിൽ തുക നൽകാൻ സോഫ്റ്റ് വെയറിൽ ക്രമീകരണം ചെയ്യണമെന്നതു സംബന്ധിച്ച്

തീരുമാനം :- ബിൽ തുക നൽകാതെ പൂർത്തീകരണപത്രം നൽകിയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ വീഴ്ചയാണ്. ഇത്തരം പിഴവുകൾ ഇനി ആവർത്തിക്കരുതെന്ന നിർദ്ദേശത്തോടെ ഈ വർഷം സ്പിൽ ഓവറായി ഉൾപ്പെടുത്താൻ അനുമതി നൽകുന്നു. ഇതിനുള്ള ക്രമീകരണം ചെയ്യാൻ ഐ.കെ.എം. നെ ചുമതലപ്പെടുത്തി.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം<br>2) തദ്ദേശസ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ് |

## 4.46 കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത്

ബഹു. തിരുവമ്പാടി MLA യുടെ 03.02.26 ലെ കത്തും കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.01.2026-ലെ കത്തും കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 24.10.2025-ലെ 6(1)-ാം നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG/33/26 - CC/4/2026, SRG/66/26 )

വിഷയം - കൊടുവള്ളി കമ്മ്യൂണിറ്റി ബേസ്ഡ് ഡിസെബിലിറ്റി മാനേജ്മെന്റ് സെന്റർ (CDMC) യൂണിറ്റിൽ നിയമിച്ചവർക്ക് ധനവകുപ്പിന്റെ പുതിയ ഉത്തരവ് പ്രകാരം വേതനം നൽകണമെന്നതു സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം. 71/26 | അടങ്കൽ | 10,20,100 രൂപ<br>(വികസനഫണ്ട് - ജനറൽ - 100 രൂപ<br>തനത് ഫണ്ട് - 4,50,000 രൂപ<br>ഗ്രാമപഞ്ചായത്ത് വിഹിതം - 3,00,000 രൂപ<br>ജില്ലാ പഞ്ചായത്ത് വിഹിതം - 2,70,000 രൂപ ) |
| പേര് | CDMC ജീവനക്കാർക്കുള്ള വേതനം | |

കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള കോടഞ്ചേരി കുടുംബാരോഗ്യ കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിറ്റി ബേസ്ഡ് ഡിസെബിലിറ്റി മാനേജ്മെന്റ് സെന്ററിൽ (CDMC) ഫിസിയോ തെറാപ്പിസ്റ്റ്, സ്പീച്ച് ലാംഗ്വേജ് തെറാപ്പിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ എന്നിവരെ നിയമിച്ചിട്ടുണ്ട്. ജില്ലാ കളക്ടറുടെ 25.06.2021-ലെ 1/2021/DPC/DPO/KKD നമ്പർ ഉത്തരവ് പ്രകാരമാണ് കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് ഈ പ്രോജക്ട് എടുത്തിരിക്കുന്നത്. CDMC യിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ശാരീരിക മാനസിക വൈകല്യമുള്ള കുട്ടികൾക്ക് (ഓട്ടിസം, സ്പെക്ട്രം ഡിസോർഡർ, സെറിബ്രൽ പാൾസി, ഡൗൺ സിൻഡ്രോം, പഠന വൈകല്യം, സംസാര വൈകല്യം തുടങ്ങിയ വൈകല്യമുള്ളവർ) CDMC യിൽ നിന്ന് സേവനം നൽകുന്നുണ്ട്. ഇതിന്റെ ഭാഗമായി CDMC യിൽ കരാറടിസ്ഥാനത്തിൽ നിയമിച്ചിരിക്കുന്ന ജീവനക്കാർക്ക് ധനവകുപ്പിന്റെ 19.04.2025-ലെ 54/2025/ധന നമ്പർ ഉത്തരവ് പ്രകാരമുള്ള വേതനം നൽകാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :- ജില്ലാ കളക്ടറുടെ നിർദ്ദേശ പ്രകാരം മാത്രം ഇപ്രകാരം പ്രോജക്ട് എടുക്കുന്നത് ജനകീയാസൂത്രണ പ്രക്രിയയ്ക്ക് യോജിച്ചതല്ല എന്ന് യോഗം നിരീക്ഷിച്ചു. ഈ പദ്ധതി നടത്തിപ്പിൽ സാമൂഹ്യനീതി വകുപ്പിന്റെ പങ്കാളിത്തം ഉറപ്പാക്കണമെന്ന് മുൻപ് കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിച്ചിരുന്നുവെങ്കിലും ഇതിന്മേൽ നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. ഇതിന്റെ അടിസ്ഥാനത്തിൽ ഇത് വിശദമായി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) പ്രൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്<br>2)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

### 4.47 മൃഗസംരക്ഷണ വകുപ്പ്

മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 10.10.2025-ലെ AHD/2898/2025 - B5 നമ്പർ കത്തും അനുബന്ധമായി ചേർത്തിരിക്കുന്ന കുറിപ്പും (SRG/-1053/2025 - LSGD - DA1/389/2025 - LSGD)

വിഷയം :- പ്രത്യേക കന്നുകുട്ടി പരിപാലനത്തിനുള്ള യൂണിറ്റ് കോസ്റ്റ് വർദ്ധിപ്പിക്കണമെന്നതു സംബന്ധിച്ച് .

പതിനാലാം പഞ്ചവൽസര പദ്ധതി സബ്സിഡി ധനസഹായ മാർഗ്ഗരേഖ പ്രകാരം പ്രത്യേക കന്നുകുട്ടി പരിപാലനത്തിന്റെ ഭാഗമായ Calf Adaption Programme (CAP) ന്റെ യൂണിറ്റ് ചെലവ് 25,000 രൂപയാണ്. ഇതിൽ സംസ്ഥാന വിഹിതം (മൃഗസംരക്ഷണ വകുപ്പ്) 6,250 രൂപയും തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതം 6,250 രൂപയും ഗുണഭോക്തൃ വിഹിതം 12,500 രൂപയുമാണ്.എന്നാൽ തീറ്റയുടെ ചെലവ്, കർഷകർക്കുള്ള പരിശീലന അലവൻസ്, Mineral Mixture, ഇൻഷ്വറൻസ്, Managerial, Subsidy, Fodder Slips എന്നിവ ഉൾപ്പെടെ ചെലവുകൾക്കായി യൂണിറ്റ് കോസ്റ്റ് 56,000 രൂപയാകും. ഇതിൽ 14,000 രൂപ മൃഗസംരക്ഷണ വകുപ്പും, തദ്ദേശ ഭരണസ്ഥാപന വിഹിതമായി 14,000 രൂപയും 28,000 രൂപ ഗുണഭോക്തൃവിഹിതവുമായി കണ്ടെത്തണമെന്നാണ് മൃഗസംരക്ഷണ വകുപ്പിന്റെ പ്രൊപ്പോസൽ. നിലവിലെ നിരക്ക് 2012-ൽ നിശ്ചയിച്ചതാണെന്നും കന്നുകുട്ടി പരിപാലന പരിപാടി ശാസ്ത്രീയമായി പരിഷ്കരിച്ചിട്ടുണ്ടെന്നും അറിയിച്ചിരിക്കുന്നു. നിലവിലെ യൂണിറ്റ് നിരക്കിനു പകരമായി മൃഗസംരക്ഷണ വകുപ്പ നൽകിയിരിക്കുന്ന പുതിയ യൂണിറ്റു നിരക്കിന് അനുമതി സംബന്ധിച്ച്.

തീരുമാനം :- മുകളിൽ പറഞ്ഞ പുതിയ നിരക്ക് 2026-27 മുതൽ പ്രാബല്യത്തിലാക്കാൻ തീരുമാനിച്ചു.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

**4.48 <u>കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ</u>**

കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ (KAICO) മാനേജിംഗ് ഡയറക്ടറുടെ കത്തും (ലഭിച്ചത് 29.01.2026) Central Institute of Petrochemical Engineering & Technology (CIPET) ക്വാളിറ്റി മാനേജരുടെ 17.02.2026-ലെ ടെസ്റ്റ് റിപ്പോർട്ടും (SRG/-88/2026, SRG/99/2026)

വിഷയം :- കെയ്ക്കോ ഉല്പാദിപ്പിക്കുന്ന HDPE ചട്ടികൾ ടെണ്ടർ കൂടാതെ വാങ്ങാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്നതു സംബന്ധിച്ച്

കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ (KAICO) കൃഷിക്കാവശ്യമായ HDPE ചെടിചട്ടികളുടെ ഉല്പാദനം ആരംഭിച്ചിട്ടുണ്ട്. നിലവിൽ ഉല്പാദനം പ്രാരംഭഘട്ടത്തിലാണ്. സർക്കാരിന്റെ 18.12.2019-ലെ 2881/2019/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം KAICO സ്വന്തമായി ഉല്പാദിപ്പിക്കുന്ന കാർഷിക ഉപകരണങ്ങളും സാധന സാമഗ്രികളും ടെണ്ടർ കൂടാതെ വാങ്ങാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ഉല്പാദിപ്പിക്കുന്ന HDPE ചെടിച്ചട്ടികൾ ടെണ്ടർ കൂടാതെ വാങ്ങാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി സംബന്ധിച്ച്. KAICO ഉല്പാദിപ്പിക്കുന്ന HDPE ചെടിച്ചട്ടികളുടെ ഗുണനിലവാരം പരിശോധിച്ച് 'നല്ലത്' എന്ന് Central Institute of Petrochemical Engineering & Technology (CIPET) റിപ്പോർട്ട് നൽകിയിട്ടുണ്ട്.

തീരുമാനം :- KAICO യ്ക്ക് എത്ര HDPE ചെടിച്ചട്ടികൾ തനതായി നിർമ്മിക്കാനുള്ള ശേഷിയുണ്ട് എന്നതടക്കം ഇതിന്റെ നിർമ്മാണ പ്ലാന്റ് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്.

| | |
|---|---|
| റിപ്പോർട്ട് നൽകേണ്ട, തുടർനടപടി സ്വീകരിക്കേണ്ട വകുപ്പ് / മേധാവി | 1) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്<br>2)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് |

യോഗം ഉച്ചകഴിഞ്ഞ് 1.30 ന് അവസാനിച്ചു.

**അനുബന്ധം**

**<u>യോഗത്തിൽ പങ്കെടുത്തവർ</u>**

1. ബഹു. തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി
2. മെമ്പർ, വികേന്ദ്രീകൃതാസൂത്രണ വിഭാഗം, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്
3. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
4. സെക്രട്ടറി, ധനകാര്യം – റിസോഴ്സ് വകുപ്പ് (പ്രതിനിധി)
5. മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് (പ്രതിനിധി)
6. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
7. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
8. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
9. എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ (പ്രതിനിധി)
10. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
11. ഡയറക്ടർ പട്ടികജാതി വികസന വകുപ്പ് (പ്രതിനിധി)
12. ഡയറക്ടർ ആരോഗ്യ വകുപ്പ് (പ്രതിനിധി)
13. ഡയറക്ടർ, MGNREGS
14. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (പ്രതിനിധി)
15. ചീഫ് ടൗൺ പ്ലാനർ
16. ഡയറക്ടർ, പട്ടികവർഗ്ഗ വകുപ്പ് (പ്രതിനിധി)
17. മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി
18. ഡയറക്ടർ, മൃഗസംരക്ഷണവകുപ്പ് (പ്രതിനിധി)
19. മെമ്പർ സെക്രട്ടറി, K–DISC